നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

# പോലീസ് ഭീകരത



**ആസാമിൽ സമരം ചെയ്യുന്ന അധ്യാപകരുടെ നേരെ** - ഇന്ത്യ അതിവേഗം നവീകരിച്ചുവരികയാണെങ്കിലും ഇന്ത്യൻ പോലീസ് പഴയ ചളിക്കുണ്ടിൽ തന്നെയാണെന്ന് ഹ്യൂമൻ റൈറ്റ്സ് വാച്ചിന്റെ ഏഷ്യാ ഡയറക്ടറായ ബ്രാഡ് ആഡംസ് പറയുന്നു.

152

ഡിസംബർ 2009

# ഈ കേരളത്തിൽ ഇങ്ങനെയെല്ലാം ഇന്നും സംഭവിക്കുന്നു

തൃശ്ശൂർ ജില്ലയിലെ പാവർട്ടിക്കടുത്ത പാടൂരിൽ ഒരു ദളിത് യുവാവിനെ കാറിൽ കയറ്റികൊണ്ടുപോയി മർദ്ദിച്ച് പകുതി മുടിയും മീശയും വടിച്ചുകളഞ്ഞു.

മുല്ലശ്ശേരി പുത്തൻകുളത്തിനു സമീപം മാങ്ങാടി സുബ്രഹ്മണ്യന്നാണ് ഈ ദുരനുഭവമുണ്ടായത്. മർദ്ദനത്തിൽ പരിക്കേറ്റ സുബ്രഹ്മണ്യനെ മുല്ലശ്ശേരി ബ്ലോക്ക് ആസ്പത്രിയിലും പിന്നീട് തൃശ്ശൂർ മെഡിക്കൽ കോളേജ് ആസ്പത്രിയിലും പ്രവേശിപ്പിച്ചു.



പാടൂരിൽ മർദ്ദനമേറ്റ ദളിത് യുവാവ് സുബ്രഹ്മണ്യൻ പകുതി മുടിയും മീശയും നഷ്ടപ്പെട്ട നിലയിൽ

പാടൂരിലെ എയ്ഡഡ് യു.പി. സ്കൂളിലെ വാൻ ഡ്രൈവറാണ് സുബ്രഹ്മണ്യൻ. സ്കൂൾ വാൻ ഓടിക്കുന്നതിന്റെ പണി, സ്കൂൾ മാനേജ്മെന്റിന്റെ ബന്ധുവായ കാഞ്ഞിരത്തിങ്കൽ റാഫിയാണ് കരാറെടുത്തിരുന്നത്. ഈ റാഫിയും കൂട്ടുകാരുമാണ് സുബ്രഹ്മണ്യനെ മർദ്ദിച്ചതെന്നു പറയുന്നു.

സംഭവത്തെപ്പറ്റി പോലീസ് പറയുന്നത് ഇതാണ്. ഒരു ശനിയാഴ്ച വൈകീട്ട് ഏഴുമണിക്ക് മുല്ലശ്ശേരി സെന്ററിലെ പാടൂർ റോഡിൽനിന്ന് സുബ്രഹ്മണ്യനെ പ്രതികൾ കാറിൽ കയറ്റി കൊണ്ടുപോയി. സ്കൂളിന്നടുത്ത് നിർമ്മാണത്തിലിരിക്കുന്ന ഒരു കെട്ടിടത്തിൽ സുബ്രഹ്മണ്യനെ എത്തിച്ചു. അവിടെവച്ച് അയാളെ നിർബ്ബന്ധിച്ച് മദ്യം കുടിപ്പിച്ചു. അതിന്നുശേഷം തലമുടിയുടെ ഒരു ഭാഗവും മീശയുടെ ഒരു ഭാഗവും വടിച്ചുകളഞ്ഞു. പാദങ്ങളിൽ ചൂരൽകൊണ്ട് അടിച്ചു.

ഇതിനെപ്പറ്റി പുറത്തു പറഞ്ഞാൽ കൊന്നുകളയുമെന്നും ഓലക്കുടിൽ കത്തിച്ചു കളയുമെന്നും പ്രതികൾ ഭീഷണിപ്പെടുത്തി. രാത്രി ഏറെ വൈകിയാണ് സുബ്രഹ്മണ്യൻ വീട്ടിലെത്തിയത്. അവശനായ സുബ്രഹ്മണ്യനെ വീട്ടുകാരും നാട്ടുകാരും കൂടി ആസ്പത്രിയിലെത്തിച്ചു.

മദ്യപിച്ച് സ്കൂൾ വാൻ ഓടിച്ചുവെന്ന് ആരോപിച്ചായിരുന്നു ഈ മർദ്ദനമെന്ന് സുബ്രഹ്മണ്യൻ പറയുന്നു. ഡ്യൂട്ടി സമയത്ത് താൻ മദ്യപിക്കാറില്ലെന്ന് അദ്ദേഹം പറഞ്ഞു. റാഫിയേയും കൂട്ടുകാരേയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(മനോരമ) ❑


ജനനീതി

ഡിസംബർ 2009

152



പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org


എഡിറ്റോറിയൽ

# കളിമണ്ണിൽനിന്ന് മാവോയിസ്റ്റുകളെ സൃഷ്ടിക്കുന്ന രീതി

മഹാത്മജിയെപ്പറ്റി പറയാറുള്ള ഒരു ചൊല്ലുണ്ട് – വെറും കളിമണ്ണിൽനിന്ന് അദ്ദേഹം മഹാ ത്യാഗിവര്യന്മാരെ സൃഷ്ടിക്കാറുണ്ട് എന്ന്. അറുപതു വർഷം കഴിഞ്ഞ ഇന്ന് നമുക്ക് അതൊന്നു മാറ്റി പറയാം – വെറും കളിമണ്ണിൽനിന്ന് മഹാ നക്ഷലുകളെ വാർത്തെടുക്കാൻ ഇന്നത്തെ ഭരണാധികാരികൾക്ക് കഴിവുണ്ട് എന്ന്. ഇതിൽ ഏറ്റവും ഒടുവിലത്തെ സംഭവമാണ് വർക്കല കൊലപാതകം.

വർക്കലക്കടുത്ത അയിരൂരിൽ പ്രഭാതസവാരിക്കിറങ്ങിയ ഒരു മാന്യനെ ആരോ വെട്ടിക്കൊന്നു. ആരാണീ അക്രമം കാണിച്ചതെന്ന് ആർക്കും അറിയില്ല. മാസം ഒന്നായിട്ടും പോലീസിന്ന് ഒരു തുമ്പും പിടികിട്ടിയിട്ടില്ല. ഇത്തരം ഭീകരമായ ഒരു കൊലപാതകം നടന്നിട്ടും ഒരു എത്തും പിടിയും കിട്ടിയിട്ടില്ല എന്നു പറയുന്നത് പോലീസിന്ന് നാണക്കേടല്ലേ? അതുകൊണ്ട് അവർ പോയി, ഒരു ദളിത് സംഘടനയുടെ പ്രവർത്തകരായ രണ്ടു പേരെ അറസ്റ്റു ചെയ്തു. എന്നിട്ട് അതിനെ ന്യായീകരിക്കാൻ പറ്റുന്ന വിധത്തിലുള്ള പല കഥകളും മെനഞ്ഞുണ്ടാക്കി. "കഥകൾ" നമ്മുടെ പത്രക്കാർക്ക് പ്രിയംകരമാണല്ലൊ. അതുകൊണ്ട് അവരത് പൊടിപ്പും തൊങ്ങലും വച്ച് പ്രചരിപ്പിച്ചു. "എന്നാണ് സൂചന", "എന്നാണ് അറിയുന്നത്", "എന്നാണ് സംശയം" എന്നൊക്കെ ആദ്യവും അവസാനവും തുന്നിച്ചേർത്താൽ എന്തും അച്ചടിക്കാവുന്നതേയുള്ളൂ.

വധിക്കപ്പെട്ട ആൾ തികഞ്ഞ മാന്യനാണെന്ന് എല്ലാവരും പറയുന്നുണ്ട്. അദ്ദേഹത്തിന്ന് രാഷ്ട്രീയ ഇടപെടലുകളൊന്നുമില്ല. ആരായിട്ടും വഴക്കുകൂടിയിട്ടില്ല; ശത്രുക്കളാ

യിട്ടാരുമില്ല. അപ്പോൾ എന്തുകൊണ്ട് ഇങ്ങനെ ഒരു വധം നടന്നു? എന്തടിസ്ഥാനത്തിലാണ് പോലീസ് രണ്ടു ദളിത് പ്രവർത്തകരെ അറസ്റ്റ് ചെയ്തത്? ഇവരാണ് ഘാതകരെങ്കിൽ, എന്തിനാണിവർ ഇങ്ങനെ ചെയ്തത്? ഈവക ചോദ്യങ്ങൾക്കൊന്നും പോലീസിന്ന് മറുപടിയൊന്നുമില്ല. ഇല്ലേ? ഉണ്ട്. തങ്ങളുടെ പ്രസ്ഥാനത്തിലേക്ക് ജനശ്രദ്ധ ആകർഷിക്കാനായി ചെയ്ത വിദ്യയാണിത് എന്നാണ് പോലീസ് പറയുന്നത്. അത്ഭുതമെന്നു പറയട്ടെ, ഒക്ടോബർ 27ന്ന് ബംഗാളിൽ തീവണ്ടി തടഞ്ഞിട്ടതും പബ്ലിസിറ്റി സ്റ്റണ്ടാണെന്ന് കേന്ദ്ര ആഭ്യന്തരകാര്യ സെക്രട്ടറി ജി.കെ. പിള്ളയും പറയുകയുണ്ടായി. മഹാന്മാർ ഒരുപോലെ ചിന്തിക്കുന്നു എന്നാണല്ലോ ചൊല്ല്.

ബംഗാൾ മുഖ്യമന്ത്രിയുടെ വാഹനവ്യൂഹത്തിന്നു നേരെ ബോംബെറിഞ്ഞുവെന്നതിന്റെ പേരിൽ ബംഗാൾ പോലീസ് ലാൽഗഡ് പ്രദേശമാകെ കുളമാക്കുകയുണ്ടായി. കുറെ പേരെ പിടിച്ച് ജയിലിലിട്ടിട്ടുണ്ട്. എന്താണിവരുടെ പേരിലുള്ള കേസ്? പോലീസിനെന്നല്ല ദൈവത്തിന്നുപോലും അറിയില്ല. ഒരതിക്രമമുണ്ടായാൽ എന്തെങ്കിലുമൊക്കെ ചെയ്യേണ്ടത് തങ്ങളുടെ ഭാരമാണെന്ന് പോലീസ് കരുതുന്നു. ആരെയെങ്കിലുമെല്ലാം പിടിച്ച് മർദ്ദിച്ച് അവശരാക്കി വിചാരണകൂടാതെ ജയിലിലിടുക എന്നതാണ് അവർക്ക് ചെയ്യാൻ കഴിയുന്ന ഒരേഒരു കാര്യം. പച്ച പാവങ്ങളായ നന്ദിഗ്രാമുകാരെയാകെ നക്ഷലുകളാക്കിയത് അങ്ങനെയാണല്ലൊ.

വർക്കല സംഭവത്തിൽ ദളിത് മനുഷ്യാവകാശ പ്രസ്ഥാനത്തെയാണ് പോലീസ് പ്രതിയാക്കിയിരിക്കുന്നത്. വധിക്കപ്പെട്ട മാന്യന്നും ദളിത് മനുഷ്യാവകാശ പ്രസ്ഥാനത്തിന്നും തമ്മിൽ എന്താണ് ബന്ധമെന്ന് പോലീസ് പറയുന്നില്ല. ഇതിന്റെ ഉള്ളുകള്ളികളെപ്പറ്റി അന്വേഷിക്കാൻ മുതിരുന്ന മനുഷ്യാവകാശപ്രവർത്തകരേയും പോലീസ് കേസിൽ കുടുക്കാൻ ശ്രമിക്കുന്നുണ്ട്.

കേന്ദ്ര ആഭ്യന്തരകാര്യ മന്ത്രി ചിദംബരം നക്ഷലുകൾക്കെതിരായി യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നതു കാണുമ്പോൾ നാം ഏതുവഴിക്കാണ് പോകുന്നതെന്ന് സംശയം തോന്നുന്നു. കര-കടൽ-വ്യോമ സേനകൾ അതിർത്തി സംരക്ഷണത്തിന്നുള്ളവയാണ്. കൊല്ലാൻവേണ്ടി വെടിവയ്ക്കുന്നവരാണ് അവർ. അവരെ ഒരിക്കലും ആഭ്യന്തരാവശ്യങ്ങൾക്കായി നിയോഗിച്ചുകൂടാ. കാശ്മീരിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്തെല്ലാമാണെന്ന് ആഭ്യന്തരകാര്യ മന്ത്രിയോട് ആരും പറഞ്ഞുകൊടുക്കേണ്ട കാര്യമില്ല.

സ്വാതന്ത്ര്യം നേടി അറുപത് കൊല്ലം കഴിഞ്ഞിട്ടും ഇന്ത്യയിലെ ജനങ്ങളിൽ പകുതിയും ഇന്നും പട്ടിണി പാവങ്ങളാണ്. ദാരിദ്ര്യം സഹിച്ചു ശീലിച്ചിട്ടുള്ളവരാണ് ഇന്ത്യക്കാർ എന്നാൽ തങ്ങളുടെ പിച്ചച്ചട്ടിയിൽപോലും കയ്യിട്ടുവാരാൻ പോകുന്നുവെന്നറിയുമ്പോൾ അവർ ക്ഷമിക്കില്ല, സഹിക്കില്ല. അവർ നടത്തുന്ന ചെറുത്തുനില്പിനെ തീവ്രവാദമെന്നോ നക്ഷലിസമെന്നോ മവോയിസമെന്നോ പേരിട്ടുവിളിച്ചതുകൊണ്ട് വിശേഷമൊന്നുമില്ല.

ഭരണാധികാരികൾ ഒരു കാര്യം ഓർക്കണം. നിങ്ങൾ ഇന്നലെ വന്നവരാണ്; ഇന്ന് ഭരിക്കുന്നവരാണ്; നാളെ കൊഴിഞ്ഞുപോകുന്നവരാണ്. എന്നാൽ ഇന്ത്യ ഇന്നലെ ഉണ്ടായിരുന്നു; ഇന്നുണ്ട്; നാളേയും ഉണ്ടാകണം. അതു വേണ്ട എന്നു നിങ്ങൾ തീരുമാനിച്ചാൽ ഇന്ത്യയിലെ നൂറു കോടി ജനങ്ങൾ പൊറുക്കില്ല. അവരെ നക്ഷലെന്നോ മാവോയിസ്റ്റെന്നോ തീവ്രവാദിയെന്നോ മുദ്രയടിച്ചാൽ, ശരി, അങ്ങനെയാകട്ടെ എന്നാകും മറുപടി. ❑



# എന്താണീ ദളിത് മനുഷ്യാവകാശ പ്രസ്ഥാനം?

*ദളിത് മനുഷ്യാവകാശ പ്രസ്ഥാനത്തിന്റെ നേതാവായ വി.വി. സെൽവരാജുമായി തെഹൽക ലേഖകൻ നടത്തിയ അഭിമുഖ സംഭാഷണത്തിൽനിന്ന് -*

ചോദ്യം: ദളിത് മനുഷ്യാവകാശ പ്രസ്ഥാനത്തിന്ന് ഭീകര പ്രവർത്തനവുമായി ബന്ധമുണ്ടോ?

വി.വി. സെൽവരാജ്: ഈ കള്ളപ്രചരണത്തെപ്പറ്റി സി.ബി.ഐ. അന്വേഷണം നടത്തട്ടെ. ഞങ്ങളുടേത് അഹിംസാത്മക പ്രത്യയ ശാസ്ത്രമാണ്. അഞ്ചു ലക്ഷം ദളിതുകൾ ഇതിന്റെ സ്വാധീനവലയത്തിലുണ്ട്. ഞങ്ങൾക്കെതിരെ ഒരൊറ്റ ക്രിമിനൽ കേസ് പോലും, ഈയിടെയുണ്ടായ ശിവപ്രസാദിന്റെ കൊലപാതകം വരെ, ചാർജ് ചെയ്തിട്ടില്ല. ഞങ്ങളാണിതിന്നു ഉത്തരവാദിയെന്നതിന്ന് കേരള പോലീസ് ഒരു തെളിവും ഹാജരാക്കാത്തതെന്താണ്?

ചോദ്യം: ദളിത് മനുഷ്യാവകാശ പ്രസ്ഥാനത്തിന്റെ പ്രത്യയ ശാസ്ത്രം എന്താണ്?

ഉത്തരം: ഞങ്ങൾ ബാബാ സാഹേബ് അംബേദ്കറുടെ ആദർശങ്ങൾ പ്രചരിപ്പിക്കുന്നു. അദ്ദേഹം പ്രചരിപ്പിച്ച ബുദ്ധമതമൂല്യങ്ങൾ പ്രചരിപ്പിക്കുന്നു. എല്ലാ ദളിതുകളും അംബേദ്കറുടെ ജീവിതത്തെ പിൻതുടരണം.

ചോദ്യം; നിങ്ങൾ മതംമാറി ബുദ്ധമതത്തിൽ ചേർന്നുവോ?

ഉത്തരം: ബുദ്ധമതതത്വങ്ങൾ പ്രചരിപ്പിക്കാൻ ഞങ്ങൾക്ക് മതപരിവർത്തനം നടത്തേണ്ട കാര്യമൊന്നുമില്ല.

ചോദ്യം: നിങ്ങൾ ആയുധ പരിശീലനം നൽകുന്നുണ്ടോ? അതായത് നിങ്ങളുടെ അംഗങ്ങൾ ആയുധധാരികളാണോ?

ഉത്തരം: ഒരിക്കലുമില്ല.

ചോദ്യം: കേരള പോലീസിന്ന് നിങ്ങളോട് വിരോധം തോന്നാൻ കാരണമെന്താണ്?



വി.വി. സെൽവരാജ്

ഉത്തരം: ദളിതുകൾക്കിടയിൽ ഞങ്ങൾക്കുളവായിരിക്കുന്ന സ്വാധീനം എല്ലാ രാഷ്ട്രീയ കക്ഷികളേയും പരിഭ്രമിപ്പിച്ചിട്ടുണ്ട്. മാർക്സിസ്റ്റ് പാർട്ടി, കോൺഗ്രസ്സ്, ബി.ജെ.പി., ശിവസേന തുടങ്ങിയവ

യെല്ലാം ഇതിൽപെടും. അവരെല്ലാം ഞങ്ങൾക്കെതിരെ കൈകോർത്തിരിക്കുകയാണ്. കാരണം ഇവരുടെ റാലികൾക്കും മറ്റും ഇപ്പോൾ ദളിതുകളെ കിട്ടുന്നില്ല. ദളിത് മനുഷ്യാവകാശ പ്രസ്ഥാനം ഇന്നൊരു മുഖ്യധാരാ പ്രസ്ഥാനമാണ്.

ചോദ്യം: ശിവപ്രസാദിന്റെ വധത്തിൽ ദളിത് മനുഷ്യാവകാശ പ്രസ്ഥാനത്തിന്ന് കയ്യുണ്ട് എന്നതിന്ന് തങ്ങളുടെ കയ്യിൽ തെളിവുണ്ടെന്ന് പോലീസ് പറയുന്നു.

ഉത്തരം: അവരുടെ കയ്യിൽ ഒരു തെളിവുമില്ല. കെ. ദാസ് മിടുക്കനായ ഒരു നേതാവാണ്. അതുകൊണ്ട് അവർ അയാളെ അറസ്റ്റ് ചെയ്തുവെന്നേയുള്ളൂ.

ചോദ്യം: ദളിത് മനുഷ്യാവകാശ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

ഉത്തരം: ഞങ്ങൾ ദളിതുകളെ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു. ദളിതുകൾക്കായി ഗവർമ്മേണ്ട് അനുവദിക്കുന്ന പദ്ധതികൾക്കുള്ള അപേക്ഷാ ഫോറങ്ങൾ പൂരിപ്പിക്കാൻ പഠിപ്പിക്കുന്നു. എല്ലാ ഞായറാഴ്ചകളിലും ഞങ്ങൾ സ്റ്റഡി ക്ലാസുകൾ നടത്തുന്നു. ❑

---

# ഇതൊക്കെയാണ് ഇവിടെ നടക്കുന്നത്

മുഖ്യമന്ത്രി കരുണാനിധിയുടെ മകനും കേന്ദ്രമന്ത്രിയുമായ അഴഗിരിയെ വിമർശിച്ചുകൊണ്ടുള്ള ഒരു ലേഖനം പ്രസിദ്ധീകരിച്ചതിന്ന് മധുരയിലെ നവീന നേതൃകൻ എന്ന പത്രത്തിന്റെ പത്രാധിപരായ എ.എസ്. മണിയെ പോലീസ് അറസ്റ്റ് ചെയ്തിരിക്കുന്നു. മന്ത്രിക്കു മാനനഷ്ടം സംഭവിച്ചു എന്നാണ് ചാർജ്.

മാനനഷ്ടത്തിന്റെ പേരിൽ പത്രാധിപന്മാരെ അറസ്റ്റ് ചെയ്ത് തടവിലിടുന്നതിനെ ഇന്ത്യൻ എഡിറ്റേഴ്സ് ഗിൽഡ് അധിക്ഷേപിച്ചിട്ടുണ്ട്. മാനനഷ്ടത്തിന്റെ പേരിൽ പത്രക്കാരെ അറസ്റ്റ് ചെയ്ത് തടവിലിടുന്നത് മാധ്യമങ്ങളെ ഭീഷണിപ്പെടുത്തലാണെന്നും അത് പത്രസ്വാതന്ത്ര്യത്തെ ഹനിക്കലാണെന്നും എഡിറ്റേഴ്സ് ഗിൽഡ് ഒരു പ്രസ്താവനയിൽ പറയുന്നു.

ക്രിമിനൽ കോഡിലെ മാനനഷ്ട വ്യവസ്ഥ ബ്രിട്ടീഷ് ഭരണകാലത്തിന്റെ ഒരവശിഷ്ടമാണ്. ബ്രിട്ടീഷുകാർ പത്രക്കാരെ പിടിച്ചു ജയിലിലിടാൻവേണ്ടി ഉണ്ടാക്കിവച്ച മാരണമാണിത്. പത്രക്കാരെ ഭീഷണിപ്പെടുത്താൻ ബ്രിട്ടീഷുകാർ ഈ നിയമം സുലഭമായി ഉപയോഗിച്ചുവന്നിരുന്നു. ❑



# ദളിത് മനുഷ്യാവകാശ പ്രസ്ഥാനത്തിന്നെതിരെ

**- അജിത് സാഹി -**

**വി**.വി. സെവരാജിനെ കണ്ടാൽ അദ്ദേഹം ഒരു തീപ്പൊരി നേതാവാണെന്നൊന്നും ആർക്കും തോന്നുകയില്ല. വയസ് 27 ആയിട്ടേയുള്ളൂ. ഐഡിയ സെല്ലുലാറിന്റെ അസിസ്റ്റന്റ് മാനേജരായിരുന്ന അദ്ദേഹം ആ ജോലി ഉപേക്ഷിച്ച് 2007 ഡിസംബറിൽ ദളിത് മനുഷ്യാവകാശ പ്രസ്ഥാനത്തിന്ന് രൂപം നൽകി. ഭീകര പ്രവർത്തനവുമായി ഇദ്ദേഹത്തിന്ന് ബന്ധമുണ്ടോ എന്ന് തങ്ങൾ അന്വേഷിച്ചുവരികയാണെന്ന് പോലീസ് പറയുന്നു.

കഴിഞ്ഞ സെപ്തംബർ 23-ാം തിയ്യതി പുലർച്ചക്കാണ് സംഭവ പരമ്പര ആരംഭിക്കുന്നത്. അമേരിക്കൻ എമ്പസിയിൽ ഡ്രൈവറായിരുന്ന ശിവപ്രസാദ് (61) പതിമൂന്ന് കൊല്ലംമുമ്പ് റിട്ടയർ ചെയ്ത് വർക്കലക്കടുത്ത് വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. ഭാര്യയും ഒരു മകനും ഒരു മകളുമാണ് അദ്ദേഹത്തിന്നുള്ളത്. ദിവസവും രാവിലെ പ്രഭാത സവാരി നടത്തുന്നത് ശിവപ്രസാദിന്റെ ശീലമാണ്. അതുപോലെ കഴിഞ്ഞ സെപ്തംബർ 23ന്നും അദ്ദേഹം സവാരിക്കുപോയി. എന്നാൽ വഴിക്കുവച്ച് അദ്ദേഹത്തെ ആരോ വെട്ടിക്കൊന്നു.

ആരാണ്, എന്തിനാണ് എന്നൊന്നും ആർക്കും പിടികിട്ടിയില്ലെങ്കിലും അന്നു വൈകുന്നേരത്തോടെ ദളിത് മനുഷ്യാവകാശ പ്രസ്ഥാനത്തിന്റെ നേതാക്കളിലൊരാളായ കെ. ദാസിനെ പോലീസ് അറസ്റ്റ് ചെയ്തു. അടുത്ത ചില ദിവസങ്ങളിലായി മനുഷ്യാവകാശ പ്രസ്ഥാനത്തിന്റെ നിയമോപദേഷ്ടാവായ അഡ്വ. അശോകനടക്കം ആറുപേരെ കൂടി പോലീസ് പിടികൂടി. ഇവർക്ക് ഭീകര പ്രവർത്തനവുമായി ബന്ധമുണ്ടോ എന്ന് തങ്ങൾ അന്വേഷിച്ചുവരുന്നുണ്ടെന്ന് പോലീസ് ഡയറക്ടർ ജനറലായ ജേക്കബ്ബ് പുന്നൂസ് പറഞ്ഞു.



ദളിത് മനുഷ്യാവകാശ പ്രവർത്തകർ

പക്ഷെ ഒരു തരി തെളിവുപോലും പോലീസിന്ന് ഇതുവരെ ഹാജരാക്കാനായിട്ടില്ല.

വധിക്കപ്പെട്ട ശിവപ്രസാദിന്ന് രാഷ്ട്രീയ കക്ഷികളുമായി ഒരു ഇടപാടുമില്ലെന്ന് അദ്ദേഹത്തിന്റെ വിധവയായ എസ്. സരസ്വതി പറഞ്ഞു. ദളിത് മനുഷ്യാവകാശ പ്രസ്ഥാനത്തെപ്പറ്റി അവർ കേട്ടിട്ടുപോലുമില്ല. വർക്കല പോലീസ് മേധാവിയായ അനിൽകുമാറിനോട് ചോദിച്ചപ്പോൾ കിട്ടിയ മറുപടി കൗതുകജനകമായിരുന്നു. ജനങ്ങളുടെ ശ്രദ്ധയാകർഷിക്കാൻവേണ്ടി നടത്തിയ വധമായിരിക്കും ഇതെന്ന് അദ്ദേഹം കരുതുന്നു.

വർക്കലയിൽ ദളിതുകൾ തിങ്ങി താമസിക്കുന്ന കുറച്ചു ഗ്രാമങ്ങളുണ്ട്. അവിടത്തെ ജനസംഖ്യ ഏതാണ്ട് 40000 വരും. ദളിതുകൾക്കിടയിൽ ചേരിതിരിവുകളുണ്ട്. മനുഷ്യാവകാശ പ്രസ്ഥാനവുമായി പിണങ്ങിനിൽക്കുന്നവർ മർദ്ദനത്തിന്നിരയാകാറുണ്ടെന്നു പറയുന്നു. പ്രധാന പ്രശ്നം മദ്യവും മയക്കുമരുന്നും തന്നെയാണ്. മനുഷ്യാവകാശ പ്രസ്ഥാനത്തിൽ ചേരുന്നവർ മദ്യപിക്കാൻ പിടില്ലെന്ന് നിഷ്ക്കർഷിച്ചിരുന്നു. തന്റെ ഭർത്താവ് ഒരു മുഴുക്കുടിയനായിരുന്നുവെന്നും സകലതും നശിപ്പിക്കുകയാണ് പതിവെന്നും 29 വയസ്സുള്ള കൊച്ചുമോൾ പറയുന്നു. മനുഷ്യാവകാശ പ്രസ്ഥാനത്തിന്റെ ക്ലാസുകളിൽ പങ്കെടുത്തതോടെ അയാൾ മദ്യപാനം നിർത്തി. അങ്ങനെ കൊച്ചുമോളും സ്റ്റഡിക്ലാസിന്നു പോയിത്തുടങ്ങി. ഞായറാഴ്ചയാണ് സ്റ്റഡിക്ലാസ്. അത് അഞ്ചുമണിക്കൂർ നീണ്ടുനിൽക്കും. ഒടുവിൽ കലാപരിപാടികളുമുണ്ടാകും.

മനുഷ്യാവകാശ പ്രസ്ഥാനത്തിൽപെട്ട പ്രമുഖരെല്ലാം ഒളിവിൽ പോയിരിക്കുകയാണ്. മുപ്പത്തഞ്ചോളംപേരെ പോലീസ് കസ്റ്റഡിയിലാക്കിയിട്ടുണ്ടെന്ന് സെൽവരാജ് പറയുന്നു. തച്ചോട് ഗ്രാമത്തിലാണ് പൊടിയനും (52) ഭാര്യ ശാന്തയും ജീവിക്കുന്നത്. മകൻ സെൽവരാജിനെക്കുറിച്ച് അവർക്കൊരു വിവരവുമില്ല. ശിവപ്രസാദിന്റെ വധത്തിന്റെ തലേ ദിവസം, അതായത് സെപ്തംബർ 22ന്ന്, സാധാരണ വേഷത്തിലുള്ള രണ്ടു പോലീസുകാർവന്ന് സെൽവരാജിനെ വലിച്ചിഴച്ചു കൊണ്ടുപോയെന്ന് പൊടിയൻ പറയുന്നു. എന്നാൽ പോലീസ് ഇത് നിഷേധിക്കുന്നുണ്ട്.

സെൽവരാജ് എവിടെയാണെന്ന് ആർക്കും അറിയില്ലെങ്കിലും അദ്ദേഹം തെഹൽക ലേഖകന്ന് ഒരു അഭിമുഖ സംഭാഷണം അനുവദിച്ചു. അത് അങ്ങകലെ എറണാകുളം ജില്ലയിലെ ഒരു ഗ്രാമത്തിൽ വച്ചായിരുന്നു. തീരപ്രദേശത്തുള്ള ആരുടേയോ വീട്ടിലായിരുന്നു അത്. അഭിമുഖസംഭാഷണം കഴിഞ്ഞ ഉടൻ അദ്ദേഹം മുങ്ങുകയും ചെയ്തു. പോലീസിനെക്കുറിച്ചുള്ള സെൽവരാജിന്റെ പേടി അസ്ഥാനത്തല്ല. ദളിതുകളെ കണ്ടു സംസാരിക്കാനായി തെഹൽക ലേഖകൻ പൊടിയന്റെ ഗ്രാമത്തിൽ ചെന്നപ്പോൾ പെട്ടെന്ന് എവിടെനിന്നെല്ലാമോ കുറെ പോലീസുകാർ ചാടിവീണു. അവരുടെ ചോദ്യങ്ങൾക്കെല്ലാം മറുപടി പറഞ്ഞപ്പോൾ നിങ്ങളുടെ T ഷർട്ടാണ് സംശയത്തിന്നിടയാക്കിയതെന്ന് പോലീസ് പറഞ്ഞു. ദളിത് മനുഷ്യാവകാശ പ്രസ്ഥാനത്തിൽ ചേരുന്നവരെല്ലാം അംബേദ്കറുടെ ചിത്രത്തോടുകൂടിയ T ഷർട്ട് ധരിക്കണമെന്നു വ്യവസ്ഥയുണ്ടത്രെ. എല്ലാവർക്കും ഐഡന്റിറ്റി കാർഡും നൽകുന്നുണ്ട്.

> മദ്യത്തിന്നും മയക്കുമരുന്നിന്നും എതിരായും വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനായുമാണ് ദളിത് മനുഷ്യാവകാശ പ്രസ്ഥാനം നിലകൊള്ളുന്നത്. അതെങ്ങനെ ഭീകരസംഘടനയാകും? – പ്രസ്ഥാനത്തിലെ അംഗമായ ശശികല (44)

ദളിത് മനുഷ്യാവകാശ പ്രസ്ഥാനത്തോട് സർക്കാരും രാഷ്ട്രീയ കക്ഷികളും പകയോടെയാണ് പെരുമാറുന്നതെന്ന് സെൽവരാജ് പറയുന്നു. പ്രസ്ഥാനത്തിൽ 10,000 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്ന് സെൽവരാജ് പറയുന്നു. മാത്രമല്ല, ഇവർക്ക് രാഷ്ട്രീയ ലക്ഷ്യവുമുണ്ട്. കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിൽ ആറ്റിങ്ങൽ സീറ്റിൽ മത്സരിച്ച ഒരു പ്രവർത്തകന്ന് 5000 വോട്ടുകിട്ടി. തങ്ങളുടെ മുറത്തിൽ കയറി കൊത്താനുള്ള ഈ ശ്രമം ബി.ജെ.പി.യും ശിവസേനയുമടക്കമുള്ള എല്ലാ രാഷ്ട്രീയ കക്ഷികളേയും ക്ഷോഭിപ്പിച്ചിട്ടുണ്ട്. ❑



# തൊഴിലവകാശരംഗത്തെ രണ്ടു ശുക്രനക്ഷത്രങ്ങൾ

തൊഴിലവകാശരംഗത്ത് തിളങ്ങി നിൽക്കുന്ന രണ്ട് ശുക്രനക്ഷത്രങ്ങളാണ് ആന്ധ്രയും രാജസ്ഥാനും. ആന്ധ്രയിൽ സർക്കാരും രാജസ്ഥാനിൽ സന്നദ്ധ സംഘടനകളും മുന്നിട്ടുനിൽക്കുന്നു. രാജസ്ഥാനിലെ ഭിൽവാറ ജില്ലയിൽ തൊഴിലവകാശ നിയമപ്രകാരം നടപ്പാക്കിയ പണികൾ ഈയിടെ സാമൂഹ്യ ഓഡിറ്റിംഗിന് വിധേയമാക്കിയപ്പോൾ സർക്കാർ സന്നാഹങ്ങളൊന്നാകെ സഹകരിക്കുകയുണ്ടായി. ഭിൽവാറയിൽനിന്നുള്ള എം.പി.യും ഗ്രാമീണ വികസനകാര്യ മന്ത്രിയുമായ സി.പി. ജോഷി ആദ്യാവസാനമായി രംഗത്തുണ്ടായിരുന്നു.

മസ്ദൂർ കിസാൻ ശക്തി സംഘടനാ ഭാരവാഹികളായ അരുണാ റോയിയും നിഖിൽഡേയും മന:പൂർവ്വംതന്നെയാണ് ഭിൽവാറയെ സാമൂഹ്യ ഓഡിറ്റിങ്ങിന്നായി തിരഞ്ഞെടുത്തത്. സ്വന്തം നിയോജക മണ്ഡലത്തിൽ നടക്കുന്ന സോഷ്യൽ ഓഡിറ്റിങ്ങിനെ നേരിടാൻ മന്ത്രിക്ക് കരളുറപ്പുണ്ടാകുമോ എന്നു പരീക്ഷിക്കലായിരുന്നു തങ്ങളുടെ ലക്ഷ്യമെന്ന് അവർ പറഞ്ഞു. ഒരു സാമൂഹ്യ ഓഡിറ്റിങ്ങ് നടക്കുമ്പോൾ എന്തെല്ലാമാണ് പുറത്തുവരിക എന്നറിയില്ലല്ലോ. അതിനാൽ മിക്കവരും ഒഴിഞ്ഞുമാറുകയാണ് പതിവ്. എന്നാൽ ഭിൽവാറയിൽ മന്ത്രിതന്നെ മുന്നോട്ടു വന്നു.

ഇതിന്നൊരു മറുവശമുണ്ട്. ഭിൽവാറയിൽനിന്നുള്ള എം.പി. യായതുകൊണ്ടല്ലേ ജോഷി ഇതിലിത്ര താല്പര്യം കാണിച്ചത്. മറ്റു പ്രദേശങ്ങളിലെ ഓഡിറ്റിങ്ങിലും അദ്ദേഹം ഇതുപോലെ മുന്നിട്ടുനിന്നു പ്രവർത്തിക്കുമോ? രാജസ്ഥാനിൽ പൊതുവേയും ഭിൽവാറയിൽ പ്രത്യേകിച്ചും തൊഴിലവകാശ നിയമം ഇത്രയും കാര്യക്ഷമമായി നടക്കുന്നത് മസ്ദൂർ കിസാൻ ശക്തിസംഘടന നേതൃത്വം നൽകുന്നതുകൊണ്ടാണ്. ഇങ്ങനെ നേതൃത്വം നൽകാൻ ആളില്ലാത്ത സംസ്ഥാനങ്ങളിൽ എന്തു സംഭവിക്കും? ഒരു പരിപാടിയുടെ വിജയം അല്പം ചില വ്യക്തികളെ ആശ്രയിച്ചാകാൻ പാടുണ്ടോ? പദ്ധതി നടപ്പാക്കുന്നതിൽ സർക്കാർ വലിയ താല്പര്യമൊന്നും കാണിച്ചില്ലെങ്കിൽ എന്ത് സംഭവിക്കും?

ഭിൽവാറ ജില്ലയിൽ നടന്ന സാമൂഹ്യ ഓഡിറ്റിങ്ങ് ജനങ്ങൾക്കിടയിൽ വലിയ മതിപ്പാണുളവാക്കിയിരിക്കുന്നത്. ഭിൽവാറ ഓഡിറ്റിങ്ങ് പൂർത്തിയാക്കിയതിന്റെ അടുത്ത ദിവസം അൽവാറിൽനിന്നുള്ള കോൺഗ്രസ്സ് എം.പി.യായ ജിതേന്ദ്രസിങ് അൽവാറിലെത്തുകയും ഭിൽവാറയിൽ നടത്തിയതുപോലെയുള്ള ഒരു ഓഡിറ്റിങ്ങ് അൽവാറിലും നടത്തണമെന്ന് മസ്ദൂർ കിസാൻ ശക്തിസംഘടനയോട് ആവശ്യപ്പെടുകയും ചെയ്തു.

രാജസ്ഥാനിൽ മസ്ദൂർ കിസാൻ ശക്തി സംഘടന ഓഡിറ്റിങ്ങ് സംഘടിപ്പിച്ചത് വാസ്തവത്തിൽ ആന്ധ്രാ മാതൃക മുൻനിർത്തിയായിരുന്നു. ആന്ധ്രയിലെ സോഷ്യൽ ഓഡിറ്റിങ് ആദ്യന്തം സർക്കാർ ആഭിമുഖ്യത്തിലായിരുന്നു. പദ്ധതിക്ക് അനുവദിച്ച പണത്തിൽ ഒരു രൂപപോലും ചോർന്നു പോകരുതെന്ന് മുഖ്യമന്ത്രിക്ക് നിർബ്ബന്ധമുണ്ടായിരുന്നു. ജനങ്ങൾ നക്ഷലുകളായി മാറുന്നത് ദാരിദ്ര്യം മൂലമാണെന്നും, ദാരിദ്ര്യ നിവാരണത്തിന് പരമാവധി ശ്രമിക്കണമെന്നും മുഖ്യമന്ത്രി നിഷ്കർഷിച്ചിരുന്നു. മുഖ്യമന്ത്രി മുൻകയ്യെടുത്തതിനാലാണ് ആന്ധ്രയിലെ സോഷ്യൽ ഓഡിറ്റിങ്ങ് വിജയിച്ചത്.

എന്നാൽ രാജസ്ഥാനിൽ ജനങ്ങൾതന്നെ സോഷ്യൽ ഓഡിറ്റിങ്ങിന് മുന്നിട്ടിറങ്ങി. മസ്ദൂർ കിസാൻ ശക്തി സംഘടനയുടെ പ്രവർത്തകരാണ് ഇതിൽ മുൻനിന്ന് പ്രവർത്തിച്ചിരുന്നത്.

ആന്ധ്രയിൽ തൊഴിലാവകാശ പരിപാടികൾ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുക മാത്രമല്ല അതിന്നായി ഒരു സോഷ്യൽ ഓഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിക്കുകയും ചെയ്തു. ആന്ധ്ര അവിടേയും നിർത്തിയിട്ടില്ല. സോഷ്യൽ ഓഡിറ്റിങ്ങിന്നായി പ്രത്യേകം ബഡ്ജറ്റ് വിഹിതം നീക്കിവക്കുകയും ഓഡിറ്റിങ്ങിന്റെ ഫലം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ ഏർപ്പാടുണ്ടാക്കുകയും ചെയ്തു.

ഭിൽവാറ ഓഡിറ്റ് സംഘവും സർക്കാർ പ്രതിനിധികളും തമ്മിൽ നടന്ന ചർച്ചയിൽ ഇക്കാര്യം ഉയർന്നുവരികയുണ്ടായി. ആന്ധ്രയിലെ ഓഡിറ്റ് സംവിധാനങ്ങൾ മനസ്സിലാക്കാനായി മസ്ദൂർ കിസാൻ ശക്തി സംഘടന സൗമ്യ കിടംബിയെ നിയോഗിച്ചിരുന്നു. ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത് ആന്ധ്രയിൽ വലിയ ഗുണം ചെയ്തിട്ടുണ്ട്. എല്ലാ പ്രവർത്തനങ്ങളും തീർത്തും സുതാര്യമാക്കാൻ ഇതിന്ന് കഴിഞ്ഞതായി സൗമ്യ ചൂണ്ടിക്കാട്ടി.

തൊഴിലവകാശ ഓഡിറ്റിങ് ഫലപ്രദമാകുന്നത് ജനങ്ങൾക്കതിൽ വിശ്വാസമുണ്ടാകുമ്പോഴാണ്. ഭിൽവാറയിലെ ഗ്രാമങ്ങളിൽ നടത്തിയ ഒരു പരിശോധനയിൽ ജനങ്ങൾക്ക് അവരുടെ അവകാശങ്ങളെപ്പറ്റി ബോധ്യം വന്നിട്ടുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. പക്ഷെ നിലവിലുള്ള പുരുഷമേധാവിത്വം മൂലവും പഞ്ചായത്ത് സംവിധാനം മൂലവും പലരും ഉള്ളുതുറന്ന് സംസാരിക്കാൻ മടിക്കുന്നതായി കണ്ടു.

അയിത്താചരണം പോലെയുള്ള സാമൂഹ്യ തിന്മകൾക്ക അറുതി വരുത്താനും തൊഴിലവകാശ പദ്ധതി സഹായിക്കേണ്ടതുണ്ട്. ഇപ്പോൾ തൊഴിലവകാശ പദ്ധതി പ്രകാരം സംഘടിപ്പിക്കുന്ന പണിസ്ഥലങ്ങളിൽ അയിത്താചരണം വ്യാപകമാണ്. പല പഞ്ചായത്തുകളിലും പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും പ്രത്യേക തൊഴിലുപകരണങ്ങളാണ് നൽകുന്നത്. ഒരേ കിണറ്റിൽനിന്ന് വെള്ളമെടുക്കാൻപോലും സമ്മതിക്കുന്നില്ല. ഇവർക്ക് പ്രത്യേക പണികൾ നൽകുന്നതായും കാണുന്നുണ്ട്.

ലക്ഷ്യം മുഴുവൻ നേടാൻ കഴിഞ്ഞിട്ടില്ലെങ്കിലും തൊഴിലവകാശ പദ്ധതി പാവങ്ങൾക്ക് വളരെ ഗുണം ചെയ്തിട്ടുണ്ട്. ഭിൽഗോത്ര വർഗ്ഗക്കാർക്ക് സാധാരണയായി തൊഴിലുംതേടി അന്യ സംസ്ഥാനങ്ങളിലേക്ക് പോകേണ്ടി വരാറുണ്ട്. ഇപ്പോൾ ഭിൽ സ്ത്രീകൾ തൊഴിലകാശ പദ്ധതിപ്രകാരം നാട്ടിൽതന്നെ ജോലി ചെയ്യുന്നു. അടുത്ത കാലംവരെ ദയനീയാവസ്ഥയിൽ കഴിഞ്ഞിരുന്ന ഭിൽ കുടുംബങ്ങൾക്ക് ഇന്ന് സുസ്ഥിരതയുണ്ട്; നല്ല വരുമാനവുമുണ്ട്.

രാജസ്ഥാനിൽ ഇക്കൊല്ലം വല്ലാത്ത വരൾച്ചയനുഭവപ്പെട്ടു. ദാരിദ്ര്യം പരക്കെയുണ്ടെങ്കിലും ഒരു കുടുംബവും പട്ടിണിമരണത്തിന്റെ വക്കോളം എത്തിയിട്ടില്ല, അതിന്നും പുറമെ ഒരാൾക്ക് ഒരു ദിവസം 100 ക. കുറഞ്ഞ വേതനമായി നിശ്ചയിച്ചതിനാൽ നാട്ടിലെ വേതനനിരക്കും വർധിച്ചിട്ടുണ്ട്. അതായത് തൊഴിലവകാശ നിയമപ്രകാരം തൊഴിൽ ആവശ്യപ്പെടാൻ നിവൃത്തിയില്ലാത്തവരുടെ വരുമാനംപോലും വർധിച്ചിരിക്കുന്നു.

തൊഴിലവകാശ നിയമം മൂലം ദാരിദ്ര്യം എത്രമാത്രം കുറഞ്ഞിട്ടുണ്ടെന്നറിയാൻ സർക്കാർ കണക്കുകളിലൊന്ന് എത്തിനോക്കിയാൽ മതി. ഇക്കൊല്ലം ഭിൽവാറ എന്ന ഒരൊറ്റ ജില്ലയിൽതന്നെ 330 കോടി ക. വേതനമായി നൽകുകയുണ്ടായി. അതായത് പണത്തിനൊരു ക്ഷാമവുമില്ല, പണിയെടുപ്പിക്കാൻ ആളുണ്ടായാൽ മാത്രംമതി.

എന്നാൽ ഈ സോഷ്യൽ ഓഡിറ്റിങ് തൊഴിലവകാശ പദ്ധതിയുടെ ഇരുണ്ട ഭാഗവും പുറത്തു കൊണ്ടുവന്നു. ശ്രദ്ധിക്കാൻ ആളില്ലെങ്കിൽ ഈ പണമത്രയും സമൂഹവിരുദ്ധർ കീശയിലൊതുക്കും. ❑



# തൊഴിലവകാശം സാമൂഹ്യ മൂലധന സൃഷ്ടിക്കാകണം

- പി.എസ്.അപ്പു -

ഡോ. മൻമോഹൻസിങ്ങിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ ഐക്യ പുരോഗമന ഗവർമ്മേണ്ട് അധികാരമേറ്റ ഉടനെ ഗ്രാമീണ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്നായി ഒരു ഗ്രാമീണ തൊഴിലവകാശ പദ്ധതി നടപ്പാക്കുകയുണ്ടായി. ഈ പദ്ധതി തിരഞ്ഞെടുപ്പു രാഷ്ട്രീയത്തിന്റെ ഗതിവിഗതികളിൽപെട്ട് അലങ്കോലമാകാതിരിക്കാൻ ഇതു സംബന്ധിച്ച് ഒരു നിയമനിർമ്മാണം തന്നെ നടത്തിയത് വളരെ ബുദ്ധിപൂർവ്വമായി. പക്ഷെ ഈ പദ്ധതി എല്ലായിടത്തും വിജയകരമായി നടപ്പാക്കുന്നുണ്ടെന്നു പറഞ്ഞുകൂടാ. ചില സംസ്ഥാനങ്ങളിൽ ഇത് ആവേശപൂർവ്വം നടപ്പാക്കുന്നുണ്ടെങ്കിൽ മറ്റു ചില സംസ്ഥാനങ്ങളിൽ സ്ഥിതി മഹാമോശമാണ്. എന്തെല്ലാം പോരായ്മകളുണ്ടെങ്കിലും ശരി, ഈ പദ്ധതി ഗ്രാമങ്ങളിലെ പാവങ്ങൾക്ക് വലിയൊരനുഗ്രഹമാണ്. ഇനിയത് വികസിപ്പിക്കണം. പുതിയൊരു ലക്ഷ്യബോധം ഉളവാക്കണം.

പാവങ്ങൾക്ക് തൊഴിൽ നൽകാനായി മുമ്പും പല പദ്ധതികളും ആവിഷ്കരിച്ചിരുന്നു. അതിന്റെയെല്ലാം അനുഭവങ്ങളെ മുൻനിർത്തിയാണ് ഇപ്പോഴത്തെ തൊഴിലവകാശ പദ്ധതിക്ക് രൂപം നൽകിയത്. പഴയ പദ്ധതികളേക്കാളെല്ലാം മെച്ചപ്പെട്ടതാണ് ഇത്. പുതിയ പദ്ധതിക്ക് കൂടുതൽ അയവുണ്ട്. പദ്ധതി നടപ്പാക്കുന്നവർക്ക് തദ്ദേശീയ ആവശ്യങ്ങൾക്കനുസൃതമായി പദ്ധതി തയ്യാറാക്കാവുന്നതാണ്. പാവങ്ങൾക്ക് തൊഴിൽ നൽകുന്ന കാര്യത്തിന്നാണ് പ്രാധാന്യമെങ്കിലും ഉല്പാദനക്ഷമമായ ആസ്തികളുണ്ടാക്കുന്നതിന്നും പരിഗണന നൽകുന്നുണ്ട്.

ഇപ്പോഴത്തെ സാമ്പത്തിക മാന്ദ്യം പദ്ധതി വികസിപ്പിക്കുന്നതിന്നു പുറമെ സുസ്ഥിരമായ ആസ്തികളുടെ നിർമ്മാണത്തിന്നും സഹായകമാകണം. വൻതോതിൽ സാമൂഹ്യ മൂലധനം സൃഷ്ടിക്കാൻ വമ്പിച്ച സാധ്യതകളാണ് ഇന്നുള്ളത് അരനൂറ്റാണ്ടിന്നുമുമ്പ് കേംബ്രിഡ്ജിലെ സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്ന റഗ്നർ നർക്സെ ചൂണ്ടിക്കാണിച്ചതാണിത്. ജനസാന്ദ്രതയേറിയതും മൂലധനത്തിന്ന് ക്ഷാമമുള്ളതുമായ രാജ്യങ്ങളിലെ തൊഴിലില്ലാതലയുന്നവരെ ഉപയോഗപ്പെടുത്തി നാനാതരം പദ്ധതികൾ നടപ്പാക്കാമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. ജലസേചന പദ്ധതികൾ, അഴുക്കുചാൽ പദ്ധതികൾ, റോഡുകൾ, റെയിൽവേകൾ, വീടുകൾ തുടങ്ങിയവയെല്ലാം ഈ തൊഴിൽ രഹിതരെ ഉപയോഗപ്പെടുത്തി നിർമ്മിക്കാമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടിയിരുന്നു. ഇത് വൻതോതിൽ നടപ്പാക്കിയാലുണ്ടാകാവുന്ന ഒരേഒരപകടം നാണ്യപ്പെരുപ്പമാണ്. ദരിദ്രരുടെ കയ്യിൽ കൂടുതൽ പണം എത്തുമ്പോൾ, നിത്യോപയോഗ സാധനങ്ങൾക്കുള്ള ആവശ്യം വർധിക്കും. അത് നാണ്യപ്പെരുപ്പമുണ്ടാക്കും.

ഇന്ത്യയിൽ പഞ്ചവത്സര പദ്ധതികൾക്ക് രൂപം നൽകിക്കൊണ്ടിരുന്നവർക്ക് റഗ്നർ നർക്സെയുടെ ഈ പദ്ധതിയെപ്പറ്റി നന്നായറിയാമായിരുന്നുവെങ്കിലും അവർക്കത് നടപ്പാക്കാൻ ധൈര്യമുണ്ടായിരുന്നില്ല. കാരണം, ഹരിത വിപ്ലവത്തിന്നുമുമ്പ് ഇവിടെ കടുത്ത ഭക്ഷ്യക്ഷാമമാണുണ്ടായിരുന്നത്. അതിന്റെ കൂടെ നാണ്യപ്പെരുപ്പം കൂടി വന്നുചേർന്നാൽ വലിയ ആപത്താ

കും. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. വേണ്ടതിലേറെ ഭക്ഷ്യധാന്യങ്ങൾ ഇന്ന് സ്റ്റോക്കിലുണ്ട്. നാണ്യപ്പെരുപ്പം മൂലം നിത്യോപയോഗ സാധനങ്ങൾക്ക് ആവശ്യക്കാർ ഏറുകയാണെങ്കിൽ നമ്മുടെ വ്യവസായികൾ അതിനെ സ്വാഗതം ചെയ്തുകൊള്ളും. അതിനാൽ നമുക്കിന്ന് തൊഴിൽ രഹിതരെ ഉപയോഗപ്പെടുത്തി സാമൂഹ്യ ആസ്തികൾ ഉണ്ടാക്കാവുന്നതേയുള്ളൂ. അതുകൊണ്ടൊരപകടവും വരില്ല.

ഇന്നു തൊഴിൽ രഹിതരായി കഴിയുന്നവരെ ഉപയോഗപ്പെടുത്തി മണ്ണു സംരക്ഷണം, ജല സംരക്ഷണം, മഴവെള്ള സംഭരണം, ജലസേചന-അഴുക്കുചാൽ നിർമ്മാണം, വെള്ളപ്പൊക്ക നിയന്ത്രണം, തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിന്ന് ഏറെ സാധ്യതകളുണ്ട്. മണ്ണിടിഞ്ഞ് നിരുപയോഗമായികിടക്കുന്ന ജല സംഭരണികൾ ചേറെടുത്തു വൃത്തിയാക്കാം. മനുഷ്യ നിർമ്മിതമോ സ്വാഭാവികമോ ആയ കുളങ്ങൾ പ്രയോജനകരമാക്കാം, തരിശുഭൂമികളിൽ വനവൽക്കരണം നടത്താം. ഇത്തരം അതിബൃഹത്തായ പദ്ധതികൾക്ക് സർക്കാർ മാത്രം ഒരുമ്പെട്ടാൽ പോരാ; നാനാവിധ സന്നദ്ധസംഘടനകളുടെ സഹകരണം തേടണം; ജോയിന്റ് സ്റ്റോക് കമ്പനികളെപ്പോലും പ്രയാജനപ്പെടുത്താം തൊഴിൽ കിട്ടിയാൽ കിട്ടി, ഇല്ലെങ്കിൽ ഇല്ല എന്ന ഇന്നത്തെ സ്ഥിതി മാറണം. ശ്രദ്ധാപൂർവ്വം പ്ലാനിട്ടു നടപ്പാക്കുന്ന ഒരു പദ്ധതിയായി ഇത് രൂപാന്തരപ്പെടുത്തണം. അതിന്ന് ദേശീയതലത്തിൽ ഒരു ഗ്രാമ വികസന ബോർഡ് ഉണ്ടാക്കണം; അതിന്നാവശ്യമായ അധികാരങ്ങളും നൽകണം. നയപരമായ കാര്യങ്ങൾക്കും പൊതുവായ മേൽനോട്ടത്തിന്നും മാത്രമുള്ള ചെറിയൊരു സമിതിയേ ഇതിന്നുവേണ്ടൂ. ഈ ബോർഡിന്റെ കീഴിൽ, ഓരോ നദീതടത്തിന്നും ഒരു മേഖലാ ഓഫീസ് ഉണ്ടാകണം. നദീതടത്തെ കേന്ദ്രമാക്കി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്നും നടപ്പാക്കുന്നതിന്നും വേണ്ടത്ര സ്റ്റാഫംഗങ്ങളെ അനുവദിക്കണം.

ഒരോ ജില്ലയിലേയും പണിയുടെ മേൽനോട്ടം പഞ്ചായത്ത് രാജ് നടത്തണം. സാധാരണ തൊഴിലാളികളും വിദഗ്ധ തൊഴിലാളികളുമായി ഒട്ടേറെ പേർ പണിക്കുണ്ടാകും. വനവൽക്കരണ പദ്ധതിയുണ്ടെങ്കിൽ, തൊഴിലാളികളുടെ എണ്ണം വളരെ കൂടുമെന്നല്ല, കൊല്ലത്തിൽ 365 ദിവസവും പണിയുണ്ടാകുകയും ചെയ്യും.

തൊഴിലവകാശ പദ്ധതിയുടെ ഏറ്റവും വലിയ ദൗർബ്ബല്യം അത് ശരിക്കു നടപ്പാക്കുന്നില്ലെന്നതാണ്. ഇതിന്റെ പ്രധാന കാരണം ഭരണത്തിന്റെ എല്ലാ തലത്തിലുമുള്ള അധോഗതിയാണ്. ജനാധിപത്യപരമായ വികേന്ദ്രീകരണത്തിന് എല്ലാവർക്കിടയിലും വൈമുഖ്യമാണ് കാണുന്നത്. അമ്പതു കൊല്ലം മുമ്പ് ഞാൻ വടക്കൻ ബീഹാറിൽ കലക്ടറായിരുന്നു. അന്ന് ബ്ലോക്ക് തലത്തിലെ ഭരണം വളരെ കാര്യക്ഷമമായി നടന്നിരുന്നു. എന്നാൽ, ഭരണസംവിധാനത്തിന്നുള്ള നാഷനൽ അക്കാദമിയുടെ ഡയറക്ടറെന്ന നിലയിൽ ഞാൻ 1981-82 ൽ പല സംസ്ഥാനങ്ങളും സന്ദർശിച്ചപ്പോൾ കണ്ട കാഴ്ച ദയനീയമായിരുന്നു. പഞ്ചായത്ത് രാജിനെ സംബന്ധിച്ച് കർണാടക ഗവർമ്മേണ്ടിന്റേയും കേരള ഗവർമ്മേണ്ടിന്റേയും റവ്യൂ കമ്മിറ്റികളിൽ ഞാൻ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. ഈ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഞാൻ ചില നിർദ്ദേശങ്ങൾ സമർപ്പിക്കാം.

ഒന്ന്: കൂടുതൽ പ്രാപ്തരായവരെ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരായി നിയമിക്കുക. ബി.ഡി.ഒ. മാരുടെ ചുമതലകൾ ഭാരിച്ചതാണ്. ഇന്നത്തേക്കാൾ പ്രാപ്തരായവർ ബി.ഡി.ഒ. മാരായി വരണം. അതിന്നു പല മാർഗ്ഗങ്ങളുമുണ്ട്. ഐ.എ.എസ്. ആയി തിരഞ്ഞെടുക്കപ്പെടുന്നവർ, പരിശീലന കാലം കഴിഞ്ഞാൽ മൂന്നു കൊല്ലമെങ്കിലും ബി.ഡി.ഒ. മാരായി സേവനമനുഷ്ഠിക്കണം. പക്ഷെ അതുകൊണ്ട് കൂടുതൽ കിട്ടാൻ പോകുന്ന പ്രാപ്തർ 300 മാത്രമായിരിക്കും. നമുക്കിവിടെ ചൊറുചൊറുക്കുള്ള പ്രാപ്തരായ 6000 പേരെയെങ്കിലും ബി.ഡി.ഒ. മാരായി കിട്ടേണ്ടതുണ്ട്. അതിന്നുള്ള മാർഗ്ഗങ്ങളിലൊന്ന് ഐ.എ.എസ്. ലേക്ക് എടുക്കുന്നവരുടെ എണ്ണം 50 ശതമാനമെങ്കിലും വർധിപ്പിക്കുക എന്നതാണ്. ആറുമാസത്തെ ഐ.എ.എസ്. പരിശീലനം കഴിഞ്ഞവർ രണ്ടുകൊല്ലക്കാലം ബി.ഡി.ഒ.മാരായി സേവനമനുഷ്ഠിക്കണം. അതുകഴിഞ്ഞാൽ ഈ ബി.ഡി.ഒ. മാരിൽനിന്ന് ആവശ്യമുള്ളേടത്തോളം പേരെ, അവരുടെ കഴിവും അഭിരുചിയും നോക്കി അഖിലേന്ത്യാ സർവ്വീസിലേക്കെടുക്കാം. ബാക്കിയുള്ളവർ ബി.ഡി.ഒ. മാരായി തുടരട്ടെ. രണ്ടുകൊല്ലം ബി.ഡി.ഒ. ആയി സേവനമനുഷ്ഠിച്ചാൽ ലഭിക്കുന്ന അനുഭവസമ്പത്ത് വിദേശ സർവ്വീസിലേക്ക് പോകുന്നവർക്കു പോലും വലിയൊരനുഗ്രഹമായിരിക്കും.

ഐ.ഐ.ടി., റീജിയനൽ എഞ്ചിനീയറിങ് കോളേജ്, നാഷനൽ ലോ സ്കൂൾ തുടങ്ങിയ പ്രശസ്ത വിദ്യാലയങ്ങളിൽ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് കരാർ വ്യവസ്ഥയിൽ അല്പകാല സേവനം അനുവദിക്കുക എന്നതാണ് മറ്റൊരു മാർഗ്ഗം. ഈ മിടുക്കന്മാരെ, ആറുമാസത്തെ പരിശീലനത്തിന്നുശേഷം ബി.ഡി.ഒ. മാരായി നിയമിക്കാം. കരാർ കാലത്തിന്റെ അവസാനത്തിൽ അവർക്ക് ഇഷ്ടപ്പെട്ട മറ്റു മേഖലകളിലേക്ക് പോകുകയോ ബി.ഡി.ഒ. മാരായി തുടരുകയോ ചെയ്യാം. ഇങ്ങനെ അനുഭവസമ്പത്താർജ്ജിച്ചവർക്ക് പൊതുമേഖലയിലും സ്വകാര്യ മേഖലയിലും മുൻഗണന കിട്ടും.

സമ്പൂർണ്ണമായ ജനാധിപത്യ വികേന്ദ്രീകരണത്തിലൂടെ മാത്രമേ നാനാത്വം നിറഞ്ഞ ബൃഹത്തായ ഈ രാജ്യത്ത് കാര്യക്ഷമമായ ഭരണം സാധ്യമാകൂ. ജില്ല-ബ്ലോക്ക്-ഗ്രാമതലങ്ങളിൽ പഞ്ചായത്തുകൾ രൂപീകരിക്കുന്ന 73-ാം ഭരണഘടനാഭേദഗതി നേർവഴിക്കുള്ള നീണ്ടൊരു കാൽവയ്പാണ്. പക്ഷെ, കഷ്ടമെന്നു പറയട്ടെ, പഞ്ചായത്തുകൾക്ക് അധികാരം കൈമാറുന്നതിൽ സംസ്ഥാനങ്ങൾ കടുത്ത വൈമനസ്യമാണ് പ്രകടിപ്പിച്ചുവരുന്നത്. ഇതിന്നൊരു പരിഹാരം കണ്ടെത്തുകതന്നെ വേണം.

എനിക്കൊരു പോംവഴി തോന്നുന്നുണ്ട്. ഇന്നു കലക്ടർ, മജിസ്ട്രേട്ട്, ഡെപ്യൂട്ടി കമ്മീഷണർ തുടങ്ങിയ നാനാവിധ സ്ഥാനപ്പേരുകളിൽ അറിയപ്പെടുന്ന ജില്ലാ കളക്ടർമാരെ ജില്ലാ പഞ്ചായത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കുക എന്നതാണ്. ഈ ഒരൊറ്റ കാൽവയ്പുകൊണ്ടുതന്നെ പഞ്ചായത്ത് രാജ് വളരെയധികം ശക്തിപ്പെടും. ക്രമസമാധാന പാലനം, ഭൂനികുതി, വികസനപ്രവർകത്തനം, പഞ്ചായത്ത് രാജ് എന്നീ നാലു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോസ്ഥന്മാർ ഈ ചീഫ് എക്സി. ഓഫീസറുടെ കീഴിലായിരിക്കണം. തുടക്കത്തിൽ കുറച്ചു ഉരസലുണ്ടായേക്കാമെങ്കിലും ക്രമത്തിൽ കാര്യമെല്ലാം സുഗമമാകും. ഭരണഘടനയുടെ 243 C വകുപ്പിന് ഒരു ഭേദഗതി ചെയ്ത് ഓരോരുത്തരുടേയും അധികാരം നിർണ്ണയിച്ചാൽ തീരാവുന്ന പ്രശ്നമേ ഇതിലുള്ളൂ.

തൊഴിലവകാശം ഉപയോഗപ്പെടുത്തി സാമൂഹ്യ ആസ്തികൾ പടുത്തുയർത്തുന്ന വമ്പിച്ച യത്നം ഭൂമിയുടേയും തൊഴിലാളികളുടേയും ഉത്പ്പാദനക്ഷമത വർധിപ്പിക്കും. കാർഷികമേഖലയിൽ വൈവിധ്യവൽക്കരണം ഉണ്ടാകുന്നതിന്നും വ്യവസായ പുരോഗതി സത്വര മാക്കുന്നതിനും ഇതു സഹായി

# വർക്കലവധം: ഉള്ളുകള്ളികൾ പുറത്തു വരുന്നതിൽ എന്തിന്നു പേടിക്കണം?

**പു**ലർച്ചക്ക് നടക്കാനിറങ്ങിയ ഒരു മാന്യനെ വഴിയിൽ വെട്ടിക്കൊന്നതിന്റെ പിന്നിലുള്ള ഉള്ളുകള്ളികൾ കണ്ടുപിടിക്കാൻ ശ്രമിച്ച ഒരു മനുഷ്യാവകാശ -മാധ്യമപ്രവർത്തകനായ ബി.ആർ.പി. ഭാസ്കറിന്നെതിരെ ചില വർഗീയ-ഫാസിസ്റ്റ് ശക്തികൾ ദുഷ്പ്രചരണം ആരംഭിച്ചിരിക്കുന്നു. ഈ പ്രവണതയെ ചെറുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സാഹിത്യ-സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ മുന്നിട്ടിറങ്ങിയിട്ടുണ്ട്.

ഡോ. കെ.എൻ. പണിക്കർ, ഡോ. സെബാസ്റ്റ്യൻ പോൾ, എം.പി. വീരേന്ദ്രകുമാർ, ഡോ. എം. ഗംഗാധരൻ, പ്രൊഫസർ സച്ചിദാനന്ദൻ, പ്രൊഫ. കെ.ജി. ശങ്കരപ്പിള്ള, സി. ഗൗരീദാസൻ നായർ, കെ. അജിത, ഡോ. എ.കെ. രാമകൃഷ്ണൻ, വി.പി. വാസുദേവൻ, ഡോ. കെ. അരവിന്ദാക്ഷൻ, എൻ.പി. ചേക്കുട്ടി, ഗീതാനന്ദൻ, കെ.എം. സലിംകുമാർ, ഹമീദ് ചേന്ദമംഗലൂർ, അഡ്വ. എ. ജയശങ്കർ, സി.ആർ. നീലകണ്ഠൻ, കെ.കെ. കൊച്ച്, കെ.പി. സേതുനാഥ്, ജെ. ദേവിക, ബി. രാജീവ് എന്നിവർ ചേർന്ന് പുറപ്പെടുവിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽ ദളിതരെ തീവ്രവാദികളെന്നു മുദ്രകുത്തി ശിവസേനക്കാർ നടത്തുന്ന അക്രമങ്ങൾ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പൗരാവകാശ മുന്നേറ്റങ്ങൾക്ക് കേരളം കരുത്തു പകരണമെന്നും അവർ ആവശ്യപ്പെട്ടു.

സാധാരണഗതിയിൽ പോലീസ് അന്വേഷിക്കേണ്ട ഒരു കേസാണിത്. പക്ഷെ, എല്ലാം പിടികിട്ടിക്കഴിഞ്ഞുവെന്നാണ് അവർ നടിക്കുന്നത്. ഇന്നേവരെ ഒരു തുമ്പു തെളിവുപോലും അവർക്ക് ഹാജരാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും, പത്രക്കാരെ വിളിച്ചിരുത്തി പല യക്ഷിക്കഥകളും അവർ പ്രചരിപ്പിക്കുന്നുണ്ട്. പത്രങ്ങൾ അതൊക്കെ തൊണ്ടതൊടാതെ വിഴുങ്ങുകയും ചെയ്യുന്നു.

തിരുവനന്തപുരത്തിരുന്ന് യക്ഷിക്കഥകൾ പടച്ചുണ്ടാക്കുന്നതിന്നു പകരം ദളിത് മനുഷ്യാവകാശ പ്രസ്ഥാനത്തിന് ഭീകരപ്രസ്ഥാനവുമായി വല്ല ബന്ധവുമുണ്ടോ എന്ന് സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കാൻ പ്രസ്ഥാനത്തിന്റെ നേതാവായ സെൽവരാജ് വെല്ലുവിളിച്ചിട്ടുണ്ട്. പക്ഷെ പോലീസിന്ന് അതല്ല ആവശ്യം. അഹിംസയാണ് തങ്ങളുടെ പ്രത്യയശാസ്ത്രമെന്ന് സെൽവരാജ് പറയുന്നു. ❏

---

ക്കും. നിരന്തരമായ വരൾച്ചകൊണ്ടും വെള്ളപ്പൊക്കം കൊണ്ടും ഉണ്ടാകുന്ന ദുരിതങ്ങൾക്ക്,. ഇത് പരിഹാരമാകും. അത്യധികം വിവാദപരമായ ചില നിർദ്ദേശങ്ങളാണ് ഞാനിവിടെ അവതരപ്പിച്ചിരിക്കുന്നത്. രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥ പ്രമാണിമാരും ഇതിനെയെല്ലാം എതിർക്കുമെന്നത് തീർച്ചയാണ്. നിലവിലുള്ള അലസതയിൽ അഭിരമിക്കുന്നവരാണ് എല്ലാവരും.

(ഐ.എ.എസ്. കാർക്ക് പരിശീലനം നൽകുന്ന മുസൂറിയിലെ ലാൽബഹദൂർ ശാസ്ത്രി നാഷനൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷന്റെ മുൻ ഡയറക്ടറാണ് പി.എസ്. അപ്പു.) ❏



# കൃത്രിമ ഹിമപ്രവാഹം സൃഷ്ടിക്കുന്നു

**കാ**ശ്മീരിലെ ലഡാക്കിലുണ്ടായിരുന്ന ഹിമ പ്രവാഹങ്ങൾ ഒന്നൊന്നായി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ആഗോളതാപനം, കാലാവസ്ഥയിലെ മാറ്റം എന്നിവയൊന്നും ലഡാക്കികൾക്ക് പറഞ്ഞുകൊടുക്കേണ്ട കാര്യമില്ല. അവരതൊക്കെ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

മുമ്പ് സ്റ്റാക്മോ ഹിമപ്രവാഹമുണ്ടായിരുന്നിടത്ത് കുറെ ഉരുളൻ പാറകൾ മാത്രമാണ് ഇന്ന് അവശേഷിക്കുന്നത്. മഞ്ഞുരുകിയുണ്ടാകുന്ന വെള്ളംകൊണ്ട് കൃഷി നടത്തിയിരുന്നവരാണ് കർഷകരിൽ 80 ശതമാനവും. ഇവരിന്ന് ഗതികേടിലാണ്. ഇവർക്ക് വെള്ളം കിട്ടാറാക്കാനായി ച്യൂവാങ് നോർഫൽ കൃത്രിമ ഹിമപ്രവാഹങ്ങൾ സൃഷ്ടിക്കുന്നു. ഇന്ത്യൻ സൈന്യത്തിന്റെ സദ്ഭാവനാ പദ്ധതിപ്രകാരം നോർഫർ മൂന്നു കൃത്രിമ ഹിമപ്രവാഹങ്ങൾ ഉണ്ടാക്കുന്നുണ്ട്. സ്റ്റാക്മോ ഗ്രാമത്തിൽനിന്ന് ഒരുകിലോമീറ്റർ ദൂരെയാണ് അണക്കെട്ടുകൾ പണിയുന്നത്. ഈ കൃത്രിമ ഹിമപ്രവാഹങ്ങളിൽ 20 ലക്ഷം ക്യുബിക്കടി ഹിമം തടഞ്ഞുനിർത്താമെന്നാണ് കരുതുന്നത്.

നവമ്പർ മധ്യത്തോടെ "അണക്കെട്ടു"കളിൽ ഹിമം അടിഞ്ഞുകൂടിത്തുടങ്ങും. മലനിരകളുടെ മുകൾഭാഗത്ത് മഞ്ഞുരുകിയുണ്ടാകുന്ന വെള്ളം താഴെ നിർമ്മിച്ചിരിക്കുന്ന ചിറകളിൽ വന്നുനിറയുന്നു. തണുപ്പുകാലം കഴിഞ്ഞ് ഏപ്രിൽ മധ്യത്തോടെ ഹിമം ഉരുകാൻ തുടങ്ങും. അപ്പോഴേക്കും വിതച്ചുകഴിഞ്ഞിരിക്കും. സ്റ്റാക്മോ ഗ്രാമത്തിൽ 700 പേരാണുള്ളത്. ലഡാക് ജില്ലയിലെ 11 ഗ്രാമങ്ങളിൽ സ്റ്റാക്മോവിലെപ്പോലെ കൃത്രിമ ഹിമപ്രവാഹ സംവിധാനമുണ്ടാക്കിയിട്ടുണ്ട്. കേരളത്തിലെ തടയണകൾ പോലയുള്ള ലളിതമായൊരു സംവിധാനമാണിത്.

ജനങ്ങൾക്ക് വീട്ടാവശ്യങ്ങൾക്ക് പൈപ്പ് വഴി വെള്ളം നൽകുന്നുണ്ട്. വേനൽക്കാല കൃഷിക്കാണ് ഹിമജലം ആവശ്യമായി വരിക. സ്റ്റാക്മോവിൽ 120 ഹെക്ടറിൽ മാത്രമേ കൃഷി നടത്താൻ കഴിയൂ. ഈ ഭൂമികൾ ചെറുകിട കർഷകരുടേതാണ്. ഗോതമ്പ്, ഉരുളക്കിഴങ്ങ്, പയർ, ബാർലി, പച്ചക്കറി എന്നിവയെല്ലാം ഇവർ കൃഷിചെയ്യുന്നു.

കാലാവസ്ഥയിൽ വന്ന മാറ്റത്തെപ്പറ്റിയും അതുവിതച്ച നാശത്തെപ്പറ്റിയും പറയാത്ത ലഡാക്കികളില്ല. ഇവിടെ വെള്ളം ഇപ്പോൾ ഒരു സുഖഭോഗവസ്തുവാണ്. ജലക്ഷാമം മൂലം ലഡാക് തലസ്ഥാനമായ ലേഹിൽ ചിലർ കുഴൽകിണറുകളുണ്ടാക്കിത്തുടങ്ങിയിട്ടുണ്ട്. ഇത് നീരുറവകളെ ബാധിക്കുമെന്ന ആശങ്ക പരക്കെയുണ്ട്.

കന്നുകാലികൾക്കുള്ള മേച്ചിൽ സ്ഥലങ്ങളും കുറഞ്ഞുവരികയാണ്. ഇത് ചാങ്പാസ് നാടോടിവർഗ്ഗക്കാരുടെ കുടിയേറ്റമാർഗ്ഗങ്ങളെ ബാധിക്കും.

ഗ്രാമത്തിലെ വലിയൊരു വീടിന്നു മുന്നിൽ 78 കാരനായ യംജോർ താഷി പരമ്പരാഗതമായ തറിയിൽ കമ്പിളി വസ്ത്രങ്ങൾ നെയ്യുന്നുണ്ട്.

# അനീതിക്കെതിരെ പാവങ്ങൾ പൊട്ടിത്തെറിക്കുമ്പോൾ

- നന്ദിനി സുന്ദർ -

മധ്യേന്ത്യയിലെ മാവോയിസ്റ്റുകൾക്കെതിരെ ശ്രീലങ്കാ മോഡലിലുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. വാസ്തവത്തിൽ 2005ൽതന്നെ ആരംഭിച്ചതാണിത്. അങ്ങനെയാണ് സൽവജൂഡും ആയിരക്കണക്കിന് ഗ്രാമീണരെ ആട്ടിത്തെളിച്ച് അഭയാർത്ഥി ക്യാമ്പുകളിലെത്തിച്ചത്.

ഇതുവരെ മാവോയിസ്റ്റുകൾക്കെതിരെ 'ജനകീയപ്രസ്ഥാനം' എന്ന കെട്ടുകഥയുടെ മറപറ്റിയാണ് ഗവർമ്മേണ്ട് നിന്നിരുന്നത്. ഇപ്പോഴിതാ അവർ പരസ്യമായിതന്നെ യുദ്ധപ്രഖ്യാപനം നടത്തിയിരിക്കുന്നു. അത്രയേ വ്യത്യാസമുള്ളൂ. വ്യോമസേനയേയും രംഗത്തിറക്കുമെന്നു പറയുന്നുണ്ട്. ആഭ്യന്തര മന്ത്രി കാര്യാലയമാകട്ടെ, പത്രങ്ങളിൽ വലിയ പരസ്യങ്ങൾ നൽകുന്നു. മാവോയിസ്റ്റുകളാൽ കൊല്ലപ്പെട്ടവരുടെ ചിത്രങ്ങളാണതിലുള്ളത്. ഗവർമ്മേണ്ട് പറയുന്നത് ശരിയാണെന്ന് തെളിയിക്കാനെന്നവണ്ണം മാവോയിസ്റ്റുകൾ ഫ്രാൻസിസ് ഇന്ദുവാർ എന്ന പോലീസ് ഓപീസറുടെ തല വെട്ടുകയും ചെയ്തു. ഈ സുന്ദോപസുന്ദന്മാർക്കിടയിൽപെട്ട സാധാരണ പൗരന്മാർ എന്തു ചെയ്യണം?

ഇന്ന് ഗവർമ്മേണ്ടും പത്രങ്ങളുമെല്ലാം ശപിക്കുന്ന ഒരു വർഗ്ഗമാണെങ്കിലും പറയട്ടെ, ബുദ്ധിജീവികൾ മുന്നിട്ടിറങ്ങണം. ചരിത്രപരവും സാഹചര്യപരവുമായ സ്ഥിതിവിശേഷങ്ങൾ വിശദീകരിച്ചുകൊടുക്കണം. "ധീരവും വ്യക്തവുമായ" ഒരു സൈനിക നടപടിയെക്കുറിച്ചാണ് ആഭ്യന്തരകാര്യമന്ത്രി സംസാരിച്ചുകൊണ്ടിരിക്കുന്നത്. അതു കഴിഞ്ഞാൽ ആ പ്രദേശത്ത് – അതായത് മാവോയിസ്റ്റ് ശല്യമുള്ള മധ്യേന്ത്യയിൽ – വികസന പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നാണദ്ദേഹം പറയുന്നത്. പക്ഷെ, അദ്ദേഹം പറയാത്ത ഒരു കാര്യമുണ്ട് – സ്വാതന്ത്ര്യപ്രാപ്തിക്കുശേഷമുള്ള ഈ 62 കൊല്ലക്കാലത്ത് വികസനം നടത്താൻ എന്തായിരുന്നു തടസ്സം? അല്ലെങ്കിൽവേണ്ട, നക്ഷൽ ശല്യമൊന്നുമില്ലാത്ത മേഖലകളിൽ വികസനം നടപ്പാക്കാൻ എന്തായിരുന്നു തടസ്സം? ജനങ്ങളോട് യുദ്ധം ചെയ്യാൻ കോടാനുകോടി രൂപ വാരി വിതറുന്നതിന്നു പകരം ജനങ്ങളുടെ വിശപ്പടക്കാൻ അതു വിനിയോഗിക്കുന്നതല്ലേ നല്ലത്? ഗവർമ്മേണ്ടിന്റെ തലതിരിഞ്ഞ പോക്കാണിതൊക്കെ കാണിക്കുന്നത്.

ഈയിടെ പോലീസ് ഡയറക്ടർ ജനറൽമാരുടെ ഒരു യോഗം ദൽഹിയിൽ നടക്കുകയുണ്ടായി. നാനാവിധ അർധസൈനിക വിഭാഗങ്ങളേയും സുലഭമായി വിന്യസിച്ചിട്ടും നക്ഷലിസം ശമിക്കുന്നതിന്റെ ലക്ഷണമൊന്നും കാണാത്തതെന്താണെന്ന് പ്രധാനമന്ത്രി പോലീസ് മേധാവിമാരോട് ചോദിച്ചു. പ്രസംഗങ്ങളിലൊരേടത്തും പ്രധാനമന്ത്രിയോ ആഭ്യന്തര കാര്യമന്ത്രിയോ പറയാതിരിന്ന മർമ്മപ്രധാനമായ ഒരു വാക്കുണ്ട് – നീതി.

ആഭ്യന്തര വകുപ്പ് നികുതിദാതാക്കളുടെ പണം ചെലവാക്കി നക്ഷലുകളെ ചോരകുടിയന്മാരായ കൊലപാതകികളെന്നും മറ്റും അധിക്ഷേപിക്കുന്നുണ്ടെങ്കിലും അർദ്ധസൈനിക വിഭാഗങ്ങളും അവ പോറ്റിവളർത്തുന്ന സാൽവജൂഡും ഗുണ്ടകളും കൊന്നൊടുക്കുന്ന നൂറുകണക്കിന്നു പാവങ്ങളെപ്പറ്റി ഗവർമ്മേണ്ടിന്ന് ഒരക്ഷരം പറയാനില്ല. കുട്ടികളും വൃദ്ധരുമടക്കം എത്രപേരെയാണിവർ കൊന്നത്? ഇവരും ഇന്ത്യയിലെ പൗരന്മാരല്ലേ? നക്ഷലുകളാൽ കൊല്ലപ്പെടുന്നവരുടെ മരണം പോലെത്തന്നെ ഭീകരമാണ് ഈ വധങ്ങളും. പക്ഷെ ഒരു പത്രവും ഇവരുടെ ചിത്രങ്ങൾ കൊടുക്കില്ല; ഒരു വിധ അന്വേഷണവും നടത്താറില്ല; ഇവരുടെ ബന്ധുക്കൾക്ക് ഒരു രൂപപോലും നഷ്ടപരിഹാരവും നൽകാറില്ല.

മാവോയിസ്റ്റുകളുടെ അക്രമങ്ങളെ അപലപിക്കാൻ മനുഷ്യാവകാശ പ്രവർത്തകരോട് സർക്കാർ ആവശ്യപ്പെടാറുണ്ട്. പക്ഷെ അവരുടെ പ്രസ്താവനകളെല്ലാം തമസ്കരിക്കപ്പെടുകയാണ്. സൈനികർ ചെയ്തത് തെറ്റാണെന്ന് ഒരു സംഭവത്തിൽപോലും ആഭ്യന്തരകാര്യമന്ത്രി ഏറ്റുപറഞ്ഞിട്ടില്ല. പോലീസ് നടത്തിയത് കൃത്രിമ സംഘട്ടനമായിരുന്നുവെന്ന് ഒരിക്കൽപോലും ഗവർമ്മേണ്ട് സമ്മതിച്ചിട്ടുമില്ല. അക്രമങ്ങൾ നടക്കുന്ന ഒരു നാട്ടിൽ ഒരു കൂട്ടരുടെ അതിക്രമങ്ങളെ അപലപിക്കുകയും മറ്റു ഭാഗക്കാരുടെ അക്രമങ്ങൾ കണ്ടില്ലെന്നു നടിക്കുകയും ചെയ്യുന്ന ഏർപ്പാട് ഫലിക്കാൻ പോകുന്നില്ല.

ജനങ്ങൾ ആക്രമിക്കപ്പെടുകയും സർക്കാർ അവരുടെ രക്ഷക്കെത്താതിരിക്കുകയും ചെയ്യുമ്പോൾ, പാവങ്ങൾ സംരക്ഷണത്തിനായി നക്ഷലുകളെയല്ലാതെ ആരെയാണ് ആശ്രയിക്കുക? ബലാത്സംഗത്തിന്നിരയായ ഒരു സ്ത്രീ പോലീസ് സ്റ്റേഷനിൽവന്ന് പരാതി പറയുകയും ഒരു പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യാൻ അഭ്യർത്ഥിക്കുകയും ചെയ്യുമ്പോൾ പോലീസ് ബലാത്സംഗം നടത്തിയവരോട് വിശദീകരണം ആവശ്യപ്പെട്ട് കാര്യം അവസാനിപ്പിക്കുകയാണെങ്കിൽ ആ സ്ത്രീ എന്തു ചെയ്യണമെന്നാണ് നിങ്ങൾ പറയുന്നത്? കഴിഞ്ഞ അഞ്ചുകൊല്ലമായി ഛത്തീസ്ഗഡ് പോലീസ് സ്റ്റേഷനുകളിൽ നടന്നുവരുന്നത് ഇതൊക്കെയാണ്. അഞ്ചുകൊല്ലംമുമ്പ് സാൽവജൂഡും അതിന്റെ പരാക്രമങ്ങൾ ആരംഭിച്ച ശേഷം മാവോയിസ്റ്റുകളുടെ റിക്രൂട്ട്മെന്റ് ക്യാമ്പുകളിൽ വെള്ളപ്പൊക്കംതന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നതിന്റെ കാരണം ഇതൊക്കെയാണ്. രഹസ്യാന്വേഷണ ഏജൻസികളുടെ റിപ്പോർട്ട് വിശ്വസിക്കാമെങ്കിൽ മാവോയിസ്റ്റുകളുടെ

---

അദ്ദേഹത്തിന്റെ അനുജനായ പുണ്ട്ചോക്കിന്നും ഹിമപ്രവാഹം വറ്റിയതിലാണ് പരാതി. പണ്ട് വെള്ളത്തിന്നൊരു ക്ഷാമവുമുണ്ടായിരുന്നില്ലെന്ന് അദ്ദേഹം പറയുന്നു. കഴിഞ്ഞ അഞ്ചുകൊല്ലംകൊണ്ടാണ് സ്ഥിതിഗതികളാകെ വഷളായത്. ഇവിടത്തെ ജനങ്ങളിൽ മിക്കവരും ഭക്ഷണത്തിന്നു വേണ്ടതൊക്കെ, കൃഷി ചെയ്യുകയും കമ്പിളിത്തുണി നെയ്യുകയുമായിരുന്നു പതിവ്. ഈ സ്വയം പര്യാപ്തതയാണ് ആഗോള താപനം മൂലം ഇപ്പോൾ കൈമോശം വന്നിരിക്കുന്നത്.

കൃത്രിമ ഹിമപ്രവാഹ പദ്ധതി തുടങ്ങിവച്ചത് 1987 ലാണ്. ഫുക്സെഫു ഗ്രാമത്തിലായിരുന്നു അത്. ഈ പദ്ധതി ജല ലഭ്യത വർദ്ധിപ്പിച്ചു; വിളവ് മെച്ചപ്പെട്ടു; കർഷകരുടെ വരുമാനം കൂടി. ചിലപ്പോൾ ഇരുപ്പൂ കൃഷി നടത്താനും സാധിക്കും. ❑

റിക്രൂട്ട്മെന്റ് 22 ശതമാനംകണ്ട് വർധിച്ചിട്ടുണ്ട്.

ഇന്ത്യയിൽ ഭീകരപ്രവർത്തനം നടത്തുന്നവർ തങ്ങളുടെ നിയന്ത്രണത്തിന്നതീതരായവരാണെന്ന് പാക്കിസ്താൻ പറയുമ്പോൾ പ്രധാനമന്ത്രിയും ആഭ്യന്തരകാര്യ മന്ത്രിയും അതു തിരസ്കരിക്കുകയാണ് പതിവ്. പാക് മണ്ണിൽനിന്ന് ഇത്തരം ആക്രമണം ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തേണ്ട ഭാരം പാക്കിസ്താന്നാണെന്ന് പ്രധാന മന്ത്രി തറപ്പിച്ചു പറയുന്നു. എന്നാൽ ഇന്ത്യയിലാകട്ടെ, സാൽവ ജൂഡും ഗുണ്ടകളെ പോറ്റി വളർത്തുന്നത് ഗവർമ്മേണ്ടാണ്.

പട്ടാളം ഈയിടെ ആരംഭിച്ച "വേട്ട"യും പഴയതിന്റെ ഒരാവർത്തനമാണ്. പൗരാവകാശ യൂണിയൻ, ജനാധിപത്യാവകാശ യൂണിയൻ, വനവാസി ചേതനാ ആശ്രമം എന്നിവ ചേർന്ന് നടത്തിയ ഒരന്വേഷണത്തിൽ നിർദ്ദോഷികളായ ഏഴു ആദിവാസികളെങ്കിലും സെപ്തംബർ 17-ലെ സംഘട്ടന ത്തിൽ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് കാണുകയുണ്ടായി. ഒക്ടോബർ 1ന്ന് ഗോണ്ട്പാഡ് ഗ്രാമത്തിൽ എട്ടു പേർ കൊല്ലപ്പെട്ടു; ഒട്ടേറെ വീടുകൾ തീവച്ചു നശിപ്പിച്ചു.

നമ്മുടെ ജീവിതരീതിക്ക് ഏറ്റവും ഗുരുതരമായ ഭീഷണി മാവോയിസ്റ്റുകളാണെന്ന് ആഭ്യന്തരകാര്യ മന്ത്രി പറയുമ്പോൾ ഏതു ജീവിതരീതി എന്നുകൂടി അദ്ദേഹം വിശദീകരിക്കേണ്ടതായിരുന്നു. ജനങ്ങളിൽ 50 ശതമാനവും ദാരിദ്ര്യ രേഖക്കുതാഴെ കഴിയുന്ന ഒരു രാജ്യത്തെ ഭരിക്കുന്ന മന്ത്രിമാർ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ ജീവിക്കുന്നു. ബലം പ്രയോഗിച്ച് അക്വയർ ചെയ്ത ഭൂമികൾ കമ്പനികൾക്ക് ദാനം ചെയ്യുന്നു. കർഷകർക്കിവിടെ ആത്മഹത്യക്ക് അവകാശമുണ്ട്. ഛത്തിസ്ഗഡിലെ ആദിവാസികളുടെ ഭൂവിഭവങ്ങൾ തട്ടിപ്പറിക്കുന്നതിനെ ആശ്രയിച്ചാണ് നമ്മുടെ ജീവിതരീതി സ്ഥിതി ചെയ്യുന്നതെങ്കിൽ അവരെ കൊല്ലുന്നതും അതേ ജീവിതരീതിയുടെ ഭാഗമാകും.

നക്ഷലിസമെന്നത് ഒരു സാമൂഹ്യ-സാമ്പത്തിക പ്രശ്നമാണെന്ന് മനസ്സിലാക്കിയിട്ട് കാലമേറെയായി. ഇക്കാര്യം പാടെ അവഗണിച്ചു കൊണ്ടു ഗവർമ്മേണ്ട് അതിനെ "ദേശീയ സുരക്ഷിതത്വ"ത്തിന്നുള്ള ഭീഷണിയായി കാണുന്നു. ഛത്തിസ്ഗഡിൽ കൊല്ലപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകണമെന്നും നാട്ടിൽനിന്ന് ആട്ടിയോടിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കണമെന്നും പട്ടാളക്കാരെ സ്കൂളുകളിൽനിന്ന് പുറത്തിറക്കിവിടണമെന്നും ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. സുപ്രീം കോടതിയും ഇതെല്ലാം ആവർത്തിച്ചാവശ്യപ്പെട്ടിട്ടുണ്ട്. പക്ഷെ ഗവർമ്മേണ്ട് ഇതെല്ലാം അവഗണിക്കുകയാണ്.

ശ്രീലങ്കയിൽ പയറ്റിവിജയിച്ച തന്ത്രം ഇന്ത്യയിലും പയറ്റാമെന്നാണ് ഗവർമ്മേണ്ട് കരുതുന്നതെങ്കിൽ, വിയറ്റ്നാമിൽ അമേരിക്ക മണ്ണുകപ്പിയതെങ്ങനെയെന്നുകൂടി മനസ്സിലാക്കിയിരിക്കണം. ഇപ്പോൾ ഇറാഖിലും അഫ്ഘാനിസ്ഥാനിലും അമേരിക്കൻ പടക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നതും ഓർക്കണം.

ആയുധംകൊണ്ട് ജയിക്കാനാകാത്ത ചിലതരം യുദ്ധങ്ങളുണ്ട്; അവിടെ നീതിയും രഞ്ജിപ്പും മാത്രമേ ഫലിക്കൂ.

*(ദൽഹി സ്കൂൾ ഓഫ് എക്കണോമിക്സിലെ സോഷ്യോളജി പ്രൊഫസറാണ് നന്ദിനി സുന്ദർ)*

❏



കവർസ്റ്റോറി

# ഇന്ത്യയിലെ അപാരമായ പോലീസ് ഭീകരത

- ജോവൽ എല്ലിയറ്റ് -

ദൽഹി പോലീസിന്റെ മണിക്കൂറുകളോളം നീണ്ടുനിന്ന മർദ്ദനത്തിലും ദണ്ഡനമുറകളിലും എനിക്ക് ഏറ്റവും പരിതാപകരമായി തോന്നിയത് ഞാനൊരു വെള്ളക്കാരനല്ലായിരുന്നുവെങ്കിൽ, ഒരു വിദേശ ജേർണലിസ്റ്റ് അല്ലായിരുന്നുവെങ്കിൽ, ഇതൊന്നും ആരും ശ്രദ്ധിക്കുകയേയില്ലായിരുന്നുവെന്നതാണ്.

സംശയിക്കണ്ട. ഒക്ടോബർ ആറാം തിയ്യതി രാവിലെ എനിക്കുണ്ടായ അനുഭവം ഒരു കാളരാത്രിയുടേതായിരുന്നു. ദൽഹി പോലീസ് ലാത്തികൊണ്ട് അടിച്ചുപൊളിച്ചതിന്റെ പാടുകൾ എന്റെ ശരീരത്തിൽ ആയുഷ്കാലം മുഴുവൻ നിലനിൽക്കും.

സംഭവത്തിന്റെ വിശദാംശങ്ങൾ അന്നുതന്നെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ചുരുക്കം ഇതാണ്. രാവിലെ ലണ്ടനിലേക്ക് പോകുന്ന വിമാനത്തിൽ പോകാൻ പുറപ്പെട്ട ജർണലിസ്റ്റുകളായ രണ്ടു സുഹൃത്തുക്കളെ യാത്രയയച്ച ശേഷം ഞാൻ വിമാനത്താവളത്തിൽനിന്നു മടങ്ങുകയായിരുന്നു. വീട്ടിലേക്ക് മടങ്ങുന്നതിന്നിടയിൽ വഴിയിൽ ഒരു ബഹളം കണ്ടു. ഒരു പാവത്തിനെ അരഡസൻ പോലീസുകാർ നടുറോഡിലിട്ടു തല്ലുന്നു. വിഡ്ഢിത്തം കൊണ്ട് ഞാനതിൽ ഇടപെട്ടു. അപ്പോൾ ഒരു പോലീസുകാരൻ എന്നേയും തല്ലി. എനിക്കത് സഹിച്ചില്ല. ഞാനയാൾക്കും ഒരു വീക്കുവച്ചു കൊടുത്തു. അതോടെ പോലീസുകാരെല്ലാം എന്റെ നേരെ ചാടിവീണു.

പോലീസുകാർ ഞങ്ങളെ പിടിച്ചു കൊണ്ടുപോയി ഉച്ചവരെ തല്ലി. നാനാതരത്തിൽ ദണ്ഡിച്ചു. പക്ഷെ അതിനേക്കാളെല്ലാം വേദനാജനകമായത്, ഞങ്ങൾ രണ്ടുപേർക്കും പുറമെ വേറൊരാളെക്കൂടി ലോക്കപ്പിലിട്ടു തല്ലുന്നതായി കണ്ടതാണ്. മന്ത്രി അംബികാ സോണി എന്റെ കേസന്വേഷിക്കാൻ കല്പന നൽകിയെങ്കിലും മറ്റു രണ്ടുപേരുടെ കേസന്വേഷിക്കാൻ കല്പന നൽകിയില്ല. എന്തുകൊണ്ട്? അന്വേഷണംകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകുമെന്നല്ല പറയുന്നത്. ഞങ്ങളെ തല്ലിച്ചതച്ച പോലീസുകാർ തന്നെയാണ് സാക്ഷി. അപ്പോൾ അന്വേഷണ ഫലം എന്താകുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ഇന്ത്യാ ഗവർമ്മേണ്ടിന്റെ തന്ത്രം വ്യക്തമാണ്. മർദ്ദനത്തിന്നിരയാകുന്നവന്ന് അല്പം കഴിവും പ്രാപ്തിയുമുണ്ടെങ്കിൽ, എന്നെപ്പോലെ വിദേശ പത്രങ്ങളുമായി ബന്ധമുണ്ടെങ്കിൽ, തങ്ങൾക്കിതിലൊക്കെ വലിയ വിഷമമുള്ളതായി ഗവർമ്മേണ്ട് നടിക്കും. അടികൊണ്ടവർ പാവങ്ങളാണെങ്കിൽ, അനുഭവിക്കുകയെ നിവൃത്തിയുള്ളൂ.

ഒരു മനുഷ്യാവകാശ റിപ്പോർട്ടറായിട്ടാണ് ഞാൻ സ്വയം കണക്കാക്കിവരുന്നത്. അതിന്നും പുറമെ ജയിലുകൾ, പോലീസ് നവീകരണം എന്നീ വിഷയങ്ങളെക്കുറിച്ച് അല്പം ഗവേഷണം നടത്താനും ആരംഭിച്ചിരുന്നു. ദൽഹിയിലെ കുപ്രസിദ്ധമായ തിഹാർ ജയിൽ ഒന്നു ചുറ്റിനടന്നു കാണാൻ ഞാൻ അനുമതിക്കപേക്ഷിച്ചു. പോലീസ് മേധാവിയായി റിട്ടയർ ചെയ്ത കിരൺബേദി തിഹാർ ജയിലിൽ വളരെയേറെ പരിഷ്ക്കാരങ്ങൾ നടപ്പാക്കി

യതായി കേട്ടിരുന്നു. ഇന്ത്യൻ ജയിലുകളിലേയും ലോക്കപ്പുകളിലേയും ഭീകരതകൾ കണ്ടറിയാനുള്ള എളുപ്പമാർഗ്ഗം, എന്റെ വീടിന്നടുത്ത റോഡുകളിലൂടെ ഒന്നു നടക്കുകയാണെന്ന് ഞാനന്ന് മനസ്സിലാക്കിയിരുന്നില്ല.

നിസാമുദ്ദീൻ പോലീസ് സ്റ്റേഷനിലെ ലോക്കപ്പിൽ എന്നെ ചങ്ങലക്കിട്ട് മർദ്ദിക്കുന്നതിന്നിടയിൽ ഞാൻ അമേരിക്കൻ എമ്പസിയിലേക്കൊന്നു ഫോൺ ചെയ്യാൻ അലറിവിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. പക്ഷെ എന്റെ വായ മൂടിക്കെട്ടാനായിരുന്നു പോലീസുകാരുടെ ശ്രമം. ആറുമണിക്കൂർ നേരത്തെ മർദ്ദനത്തിന്നും ദണ്ഡനമുറകൾക്കും ശേഷം പോലീസ് എന്നെ വിട്ടയച്ചു. പിന്നെ രണ്ടുദിവസം ഞാൻ ആസ്പത്രിയിലായിരുന്നു. അവിടേയും പോലീസുകാർ വലിഞ്ഞുകയറിയെത്തി. എന്നെക്കൊണ്ട് "കുറ്റസമ്മതം" നടത്തിക്കാൻ അവർ പഠിച്ചപണിയെല്ലാം പയറ്റി. പോലീസുകാർ എന്നെ തല്ലിയിട്ടില്ലെന്നു പറയണം; ഞാനൊരു ടാക്സി മോഷ്ടിക്കാൻ ശ്രമിക്കുകയായിരുന്നു എന്നു പറയണം; വഴിയിൽ നിന്നിരുന്ന ചില വൃദ്ധന്മാരെ ഞാൻ തല്ലിയെന്നു പറയണം; ഞാൻ കുടിച്ച് മത്തുപിടിച്ചു നടക്കുകയായിരുന്നുവെന്നു പറയണം.

"ഹ്യൂമൻ റൈറ്റ്സ് വാച്ചി"ന്റെ ആഗസ്ത് 9 ലെ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ഇതിലൊന്നും ഒരത്ഭുതവും തോന്നുന്നില്ല. റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു: "മനുഷ്യാവകാശ ലംഘനത്തിന്ന് സൗകര്യപ്പെടുത്തുക മാത്രമല്ല, അതിന്നു പ്രോത്സാഹനം നൽകുക കൂടി ചെയ്യുന്ന ഇന്നത്തെ പോലീസ് സംവിധാനം ആകെ അഴിച്ചുപണിയാൻ ഇന്ത്യാഗവർമ്മേണ്ട് ഗൗരവതരമായ നടപടികളെടുക്കേണ്ടതുണ്ട്. അതിക്രമങ്ങൾ കാണിക്കുന്ന പോലീസുകാരെ ശിക്ഷിക്കുമെന്നും മനുഷ്യാവകാശങ്ങളെ മാനിക്കുന്ന ഒരു പ്രൊഫഷനൽ പോലീസ് സേനയെ ഉണ്ടാക്കുമെന്നുമെല്ലാം ഗവർമ്മേണ്ട് പറഞ്ഞുതുടങ്ങിയിട്ട് കാലമേറെയായെങ്കിലും, ഇതുവരേയും ഒന്നും തന്നെ ചെയ്തിട്ടില്ല."

തീഹാർ ജയിലിൽ താൻ യോഗക്ലാസുകളും മറ്റും സംഘടിപ്പിച്ചിട്ടുണ്ടെന്നും, അത് ഒരു പുരോഗതിയാണെന്നും കിരൺബേദി ഒരു അഭിമുഖ സംഭാഷണത്തിൽ അവകാശപ്പെട്ടിരുന്നു. കിരൺബേദിയുടെ മഹത്തായ സമാരംഭങ്ങളിൽ ഞാൻ ഇടപെടുന്നില്ല. എന്നാൽ നിസാമുദീൻ പോലീസ് സ്റ്റേഷനിൽ കിടക്കുമ്പോൾ യോഗാഭ്യാസം പഠിപ്പിക്കാമെന്നൊന്നും ഒരാളും എന്നോടു പറഞ്ഞില്ല; മറിച്ച് ചൂരൽ കഷായമാണ് കിട്ടിയത്.

ഇന്ത്യ അതിവേഗം നവീകരിച്ചുവരികയാണെങ്കിലും, അവിടത്തെ പോലീസ് പഴയ ചളിക്കുണ്ടിൽ തന്നെയാണെന്ന് ഹ്യൂമൻ റൈറ്റ്സ് വാച്ചിന്റെ ഏഷ്യാ ഡയറക്ടറായ ബ്രാഡ് ആഡംസ് പറയുന്നു. പോലീസ് നവീകരണത്തെക്കുറിച്ചുള്ള വാചകമടിക്കൽ അവസാനിപ്പിച്ച് കാര്യമായെന്തെങ്കിലും ചെയ്യാൻ സമയം വൈകി എന്നും അദ്ദേഹം പറയുന്നുണ്ട്.

ഇന്ത്യക്കാരനായാലും വിദേശിയായാലും ഒരാളും ഇത്തരം ദണ്ഡനമുറകൾക്കിരയാകരുത്. ഇത്തരം കിരാതമായ നടപടികൾ കണ്ടില്ലെന്ന് നടിക്കുന്നത് വിനാശകരമാകും. ഇന്ത്യക്കാരെ എന്തും ചെയ്യാമെന്നു വന്നുകൂടാ. ഇന്ത്യൻ പോലീസ്, അതിന്റെ മൃഗീയതക്കും അഴിമതിക്കും ലോകമെങ്ങും കുപ്രസിദ്ധി നേടിയിട്ടുണ്ട്. ഇതിന്ന് ഒരറുതിവരുത്താൻ ഗവർമ്മേണ്ട് ഈ അവസരം ഉപയോഗപ്പെടുത്തുമെന്നാശിക്കുക. പക്ഷെ സംശയമാണ്.

(ദൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു അമേരിക്കൻ പത്രപ്രവർത്തകനാണ് ജോവൽ എല്ലിയട്ട്.) ❑



# തിരഞ്ഞെടുപ്പും പത്രങ്ങളും കുറെ കോടീശ്വരന്മാരും

**ഡോ.** റാം പണ്ഡിറ്റിന്ന് ഇനി തന്റെ പ്രതിവാരപംക്തി പുനരാരംഭിക്കാം. മഹാരാഷ്ട്രത്തിലെ ഒരു പ്രമുഖ ഭാഷാപത്രത്തിൽ ദീർഘകാലമായി തന്റെ പ്രതിവാര പംക്തിയിൽ എഴുതിവരുന്ന ആളായിരുന്നു ഡോ. പണ്ഡിറ്റ്. ഇക്കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് നോമിനേഷൻ പിൻവലിക്കാനുള്ള അവസാന ദിവസമാണ് തനിക്ക് ഭ്രഷ്ട് കല്പിക്കപ്പെട്ടിരിക്കുന്നതായി അദ്ദേഹം മനസ്സിലാക്കിയത്.

പത്രാധിപർ മാന്യനായിരുന്നു. അദ്ദേഹം ഒരു ക്ഷമാപണത്തോടെ കാര്യം തുറന്നു പറഞ്ഞു. "ഡോ. പണ്ഡിറ്റ്ജി, താങ്കളുടെ പംക്തി ഒക്ടോബർ 13നുശേഷം പുനരാരംഭിക്കാം. അതുവരെ പത്രത്തിലെ ഓരോ പേജിലേയും മുഴുവൻ സ്ഥലവും വിറ്റുകഴിഞ്ഞു."

കഴിഞ്ഞ ഒക്ടോബറിൽ മഹാരാഷ്ട്രത്തിൽ നടന്ന നിയമ സഭാ തിരഞ്ഞെടുപ്പ് പണംകൊണ്ടുള്ള ഒരു കൂത്താട്ടമായിരുന്നു. മാധ്യമങ്ങളിൽ എല്ലാമില്ലെങ്കിൽ വലിയൊരു ഭാഗമെങ്കിലും ഈ കൂത്താട്ടത്തിൽ മുഴുകിപ്പോയിരുന്നു. വെറും പ്രാദേശിക പത്രങ്ങളെ മാത്രമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. നല്ല പ്രചാരവും ജനസ്വാധീനവുമുള്ള പല പത്രങ്ങളും ഇതിൽ മുഴുകിപ്പോകുകയുണ്ടായി; അതുപോലെ ചില ടെലിവിഷൻ ചാനലുകളും "വിൽക്കപ്പെട്ടു". മാധ്യമങ്ങൾ പണം തട്ടിപ്പറിക്കുകയാണെന്നു ചില സ്ഥാനാർത്ഥികൾ പരാതിപ്പെട്ടു. പക്ഷെ, മാധ്യമങ്ങളുടെ അരിശത്തിന്നു പാത്രമാകുമെന്നു പേടിച്ച് ആരും കേസാക്കിയില്ല. മാനേജ്മെന്റുകൾ നടത്തുന്ന പണംവാരൽ കണ്ട് പ്രശസ്തരായ പല പത്രാധിപന്മാരും പ്രഗത്ഭരായ പല ജർണലിസ്റ്റുകളും അന്തംവിട്ടുനിന്നു.

ഈ തിരഞ്ഞെടുപ്പിലെ ഏറ്റവും വലിയ വിജയികൾ മാധ്യമങ്ങളായിരുന്നുവെന്ന് പ്രഗത്ഭനായ ഒരു ജർണലിസ്റ്റ് പറഞ്ഞു. സാമ്പത്തിക മാന്ദ്യം മൂലം സംഭവിച്ചിരുന്ന ക്ഷീണം മുഴുവനും ഒറ്റയടിക്ക് നികത്താൻ മാധ്യമങ്ങൾക്ക് കഴിഞ്ഞതായിട്ടാണ് കണക്കാക്കപ്പെടുന്നത്. കോടിക്കണക്കിന്ന് രൂപയാണ് രണ്ടാഴ്ച നീണ്ടുനിന്ന തിരഞ്ഞെടുപ്പു പ്രചരണകാലത്ത് മാധ്യമങ്ങൾ വാരിയെടുത്തത്. ഇതിലൊരു ഭാഗം സാധാരണ തിരഞ്ഞെടുപ്പു പരസ്യങ്ങളിലൂടെ നേടിയതാണെങ്കിൽ, ബാക്കിയെല്ലാം സ്ഥാനാർത്ഥികളുടെ പ്രചരണത്തിന്നായി നേരിട്ടു കയ്യിൽ വാങ്ങിയതാണ്. പ്രചരണത്തിന്ന് പണം വാങ്ങുന്ന ഏർപ്പാട് അതിന്റെ എല്ലാ ഭീകരതകളോടുംകൂടി പൊട്ടിത്തെറിച്ച തിരഞ്ഞെടുപ്പാണ് ഈ ഒക്ടോബറിലുണ്ടായത്. ഇത് ഒരു സീറ്റിലോ ഒരു സ്ഥാനാർത്ഥിയിലോ ഒതുങ്ങുന്നില്ല. മഹാരാഷ്ട്രത്തിൽ ഉടനീളം ഇതാണു സംഭവിച്ചത്. ഓരോ സ്ഥാനാർത്ഥിക്കും, തന്നെക്കുറിച്ചൊരു വാർത്ത വരണമെങ്കിൽ, പണം എണ്ണി കൊടുക്കേണ്ടതായിട്ടുണ്ടായിരുന്നു. പണം കൊടുത്തില്ലെങ്കിൽ വാർത്തയും അച്ചടിച്ചുവരില്ല! തന്മൂലം ചെറുകിട പാർട്ടികളും സ്വതന്ത്രന്മാരും തുടച്ചുനീക്കപ്പെട്ടു. ചെറു

കിട പാർട്ടികളിൽ പലതും മനുഷ്യാവകാശം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പ്രശ്നങ്ങൾ മുന്നോട്ടുവച്ചാണ് മത്സരിച്ചിരുന്നത്. പണം കൊടുക്കാനില്ലാത്തതിനാൽ ഇവരുടെയെല്ലാം ശബ്ദം കേൾക്കാത്ത സ്ഥിതിവന്നു.

കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പുകാലത്ത് പണംകൊണ്ടുള്ള ഈ കളിയെപ്പറ്റി "ഹിന്ദു" റിപ്പോർട്ട് ചെയ്തിരുന്നു. (7-4-2009). ചില മാധ്യമങ്ങൾ 15 ലക്ഷം ക. മുതൽ 20 ലക്ഷം ക. വരെ വാങ്ങിയാണ് പ്രചരണം സംഘടിപ്പിച്ചിരുന്നത്. സ്ഥാനാർത്ഥി വൻകിടയിൽപെട്ടതാണെങ്കിൽ റേറ്റ് കൂടാറുണ്ട്. ഈ ഒക്ടോബറിലെ നിയമസഭാ തിരഞ്ഞെടുപ്പായപ്പോഴേക്കും ചെറുകിടക്കാരിൽനിന്നു വാങ്ങുന്ന പണത്തിന്റെ നിരക്കും വൻകിടക്കാരിൽനിന്നു വാങ്ങുന്നതിന്റെ നിരക്കും വളരെ വർധിച്ചിരുന്നു.

ഇതിലൊന്നും പുതുമയില്ല. പണ്ടും ചിലർ കാശുവാങ്ങാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അത് ആപൽക്കരമായ വിധത്തിൽ വളർന്നിരിക്കുകയാണ്. ദരിദ്രവാസികളായ അല്പം ചില ജർണലിസ്റ്റുകൾ നടത്തിവന്നിരുന്ന അഴിമതി ഇന്ന് വ്യാപകമായിരിക്കുന്നു; സ്ഥാപനങ്ങൾതന്നെ കണക്കുപറഞ്ഞ് കാശുവാങ്ങുന്നു.

പടിഞ്ഞാറൻ മഹാരാഷ്ട്രത്തിലെ ഒരു റബൽ സ്ഥാനാർത്ഥി അവിടത്തെ മാധ്യമങ്ങളെ പാട്ടിലാക്കാനായി ചുരുങ്ങിയത് ഒരു കോടി രൂപയെങ്കിലും ചെലവാക്കിയിട്ടുണ്ടെന്ന് ഒരു പത്രാധിപർ പറഞ്ഞു. സ്വന്തം പാർട്ടിയുടെ ഔദ്യോഗിക സ്ഥാനാർത്ഥിയെ തോൽപിച്ചുകൊണ്ട് ആ റബൽ സ്ഥാനാർത്ഥി വിജയിക്കുകയും ചെയ്തു.

പത്രക്കാരുടെ കച്ചവടം പലതരത്തിലാണ്. നിങ്ങളെപ്പറ്റി നല്ലൊരു ജീവചരിത്രക്കുറിപ്പ് തയ്യാറാക്കി പ്രസിദ്ധീകരിക്കണമെങ്കിൽ ഒരു റേറ്റാണ്; ഒരു അഭിമുഖ സംഭാഷണം നടത്തി റിപ്പോർട്ട് നൽകണമെങ്കിൽ നിരക്ക് വ്യത്യാസപ്പെടും; നിങ്ങളുടെ നേട്ടങ്ങൾ വിവരിക്കാൻ മറ്റൊരു നിരക്ക്; എതിരാളിയെ ഒന്നു പൂശിവിട്ട വാർത്തയാണെങ്കിൽ റേറ്റ് കൂടും. ടെലിവിഷൻ ചാനലുകൾ ധാരാളമുള്ളതിനാൽ തൽസമയ റിപ്പോർട്ടിങ്ങും പറ്റും; പക്ഷെ അതിന്ന് ടെലിവിഷൻ ജീവനക്കാർക്ക് ഒരുപാടു സമയം കാത്തിരിക്കേണ്ടിവന്നുവെന്നു വരും.

ഒരു സ്ഥാനാർത്ഥിയുടെ ഇല്ലാത്ത ധീരവീര പരാക്രമങ്ങളും നേട്ടങ്ങളും അവതരിപ്പിക്കുന്നുവെന്നതു മാത്രമല്ല പ്രശ്നം; അയാൾ തികഞ്ഞൊരു ക്രിമിനലാണെന്ന വസ്തുത പുറത്തുവരാതെ സൂക്ഷിക്കാനും ഇത് ആവശ്യമാണ്. മഹാരാഷ്ട്ര നിയമസഭയിലേക്ക് ഈ ഒക്ടോബറിൽ നടന്ന തിരഞ്ഞെടുപ്പിൽ ജയിച്ച എം.എൽ.എ. മാരിൽ പകുതിയിലേറെ ക്രിമിനലുകളാണ്; അതായത് ക്രിമിനൽ കേസുകളിലെ പ്രതികളാണ്. സ്ഥാനാർത്ഥികളുടെ മഹത്വം പ്രകീർത്തിക്കുന്ന റിപ്പോർട്ടുകളിൽ ഇതൊന്നും കാണുകയേയില്ല.

തിരഞ്ഞെടുപ്പോടനുബന്ധിച്ച് സ്പെഷൽ സപ്ലിമെന്റ് ഇറക്കണമെങ്കിൽ ഭീമമായ ചെലവുവരും. മഹാരാഷ്ട്രത്തിലെ ഒരു പ്രമുഖ രാഷ്ട്രീയ നേതാവ് തന്റെ വാഴ്ചക്കാലത്തെ വർണിച്ചുകൊണ്ടിറക്കിയ സപ്ലിമെന്റിന്ന് ഒന്നര കോടി രൂപ ചെലവാക്കിയതായിട്ടാണ് പറയുന്നത്. ഒരു സ്ഥാനാർത്ഥിക്ക് ചെലവാക്കാവുന്ന പരമാവധി തുകയുടെ പതിനഞ്ചിരട്ടി ഈ സപ്ലിമെന്റിന്നുമാത്രം ചെലവായെന്നർത്ഥം.

ഒരു സാധാരണ തരം പബ്ലിസിറ്റി കൊണ്ട് നിങ്ങൾ സംതൃപ്തരാകുമെങ്കിൽ ഏതാണ്ട് നാലുലക്ഷം രൂപയാണ് ചാർജ്. പ്രത്യേക പേജുകളിൽ അതിന്നനുസൃതമായി ചാർജ് കൂടും. നിങ്ങളുടെ കേമത്തരം സംബന്ധിച്ച ഒരു ലേഖനവും നിങ്ങൾ ചൂണ്ടിക്കാട്ടുന്ന നാലു റിപ്പോർട്ടുകളും ഉൾപ്പെട്ടതാണിത്. നിങ്ങൾ ചൂണ്ടിക്കാട്ടുന്ന വാർത്ത എന്നതിന്ന് നിങ്ങൾ എഴുതി കൊടുക്കുന്ന വാർത്ത എന്നേ അർത്ഥമുള്ളൂ. അങ്ങനെയൊക്കെ എഴുതി പിടിപ്പിക്കാൻ നിങ്ങൾക്കറിയില്ലെങ്കിൽ പത്രാധിപർ ഒരു ജർണലിസ്റ്റിന്റെ സേവനം നിങ്ങൾക്കു വിട്ടുതരും. അതിന്ന് പ്രത്യേകം ചാർജ് നൽകണമെന്നേയുള്ളൂ. ഇതൊക്കെ വേഷം മാറിവരുന്ന പരസ്യങ്ങളാണ്. സാധാരണയായി ഒരു "വാർത്ത" നാലു കോളത്തിൽ പരന്നു കിടക്കുന്നതും പത്തു സെന്റീമീറ്റർ ആഴമുള്ളതുമായിരിക്കും. ഈ ബിസിനസ്സ് പലപ്പോഴും കോമാളിത്തരമായിമാറും. ബി.ജെ.പി.യുടെ ഒരു പത്രത്തിൽ കോൺഗ്രസ്സിനെ പ്രകീർത്തിക്കുന്ന ഒരു നാലു കോളം വാർത്ത കാണുമ്പോൾ നിങ്ങൾക്കുറപ്പിക്കാം അതിന്റെ പിന്നിൽ ചില കളികളെല്ലാമുണ്ടെന്ന്.

എല്ലാ പത്രങ്ങളും ഇങ്ങനെയായിരുന്നുവെന്ന് ഇവിടെ വിവക്ഷിക്കുന്നില്ല. പത്രപ്രവർത്തനത്തിന്റെ മൂല്യം സംരക്ഷിക്കാൻ അത്യധ്വാനം നടത്തിയ ചില പത്രങ്ങളും കൂട്ടത്തിലുണ്ട്. പക്ഷെ അവ അപവാദങ്ങൾ മാത്രമായിരുന്നു. കള്ളനാണയങ്ങൾക്കിടയിൽ നല്ല നാണയങ്ങൾ കാണാതാകുന്നതുപോലെ.

തിരഞ്ഞെടുപ്പു മത്സരത്തിന്ന് ഇറങ്ങുമ്പോൾ നിങ്ങളുടെ കയ്യിലുള്ളത് പത്തു ലക്ഷം രൂപയാണെന്നു കരുതുക. ഈ നിസ്സാര തുകക്കുപകരം നിങ്ങളുടെ കയ്യിൽ പത്തു കോടി രൂപയുണ്ടായിരുന്നുവെങ്കിൽ നിങ്ങളുടെ വിജയസാധ്യത 48 ഇരട്ടി കൂടുമായിരുന്നു, നിങ്ങളുടെ എതിരാളിക്ക് അഞ്ചു ലക്ഷമേ കയ്യിലുണ്ടായിരുന്നുള്ളൂവെങ്കിൽ, നിങ്ങളുടെ വിജയ സാധ്യത ഇതിലും കൂടുതലാകുമായിരുന്നു.

മഹാരാഷ്ട്ര നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 288 എം.എൽ.എ.മാരിൽ വെറും ആറു പേർ മാത്രമേ അഞ്ചുലക്ഷത്തിൽ താഴെ വരുമാനമുള്ളവരായി കാണിച്ചിട്ടുള്ളൂ.

മഹാരാഷ്ട്ര നിയമസഭയിലെ കോടീശ്വരന്മാരുടെ എണ്ണം, അതായത് ഒരു കോടിയിൽപരം രൂപയുടെ സ്വത്തുള്ളവരുടെ എണ്ണം, 70 ശതമാനംകണ്ട് വർധിച്ചിട്ടുണ്ട്. 2004ലെ തിരഞ്ഞെടുപ്പിൽ 108 കോടീശ്വരന്മാരേ ജയിച്ചിരുന്നുള്ളൂ; ഇത്തവണ ജയിച്ചവരിൽ കോടീശ്വരന്മാർ 184 ആണ്.

മഹാരാഷ്ട്ര നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരിൽ മൂന്നിൽ രണ്ടു ഭാഗവും, ഹരിയാനയിൽ തിരഞ്ഞെടുക്കപ്പെട്ടവരിൽ മുക്കാൽ ഭാഗവും കോടീശ്വരന്മാരാണ്. മഹാരാഷ്ട്രത്തിലെ ഓരോ എം.എൽ.എ.ക്കും നാലു കോടി രൂപയുടെ മൂല്യമുണ്ട്. എലക്ഷൻ കമ്മീഷന്ന് സ്ഥാനാർത്ഥികൾ സമർപ്പിച്ച വരുമാനത്തുക ശരിയാണ് എന്ന അടിസ്ഥാനത്തിലാണിത് പറയുന്നത്. കോഗ്രസ്സ് എം.എൽ.എ.മാർക്കും ബി.ജെ.പി. എം.എൽ.എ.മാർക്കും ഇതിലുമെത്രയോ അധികം മൂല്യമുണ്ട്.

തിരഞ്ഞെടുപ്പുകൾ നീതിപൂർവ്വമാക്കാൻ എലക്ഷൻ കമ്മീഷൻ പരമാവധി ശ്രമിക്കുന്നുണ്ട്. പക്ഷെ പണംകൊണ്ടുള്ള ഈ കളി നിയന്ത്രിക്കാൻ എലക്ഷൻ കമ്മീഷന്നാവില്ല. തിരഞ്ഞെടുപ്പിന്റെ ആധാരശിലകളെ മാത്രമല്ല, ജനാധിപത്യത്തെത്തന്നെ അപകടത്തിലാക്കുന്ന ഏർപ്പാടാണിത്. ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-11-2009

# ഡോ. സി.ആർ. സോമന്റെ നിര്യാണത്തിൽ അനുശോചിക്കുന്നു



ഡോ. സി.ആർ. സോമൻ

**ജ**നാരോഗ്യപ്രവർത്തനം സ്വന്തം സാധനയാക്കിയ ഡോ. സി.ആർ. സോമന്റെ അകാല നിര്യാണത്തിൽ ജനനീതി ഇൻസ്റ്റിറ്റ്യൂട്ട് അഗാധമായ ദു:ഖം രേഖപ്പെടുത്തുന്നു.

ആരോഗ്യ രംഗത്തെ അനാശാസ്യ പ്രവണതകൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടിക്കൊണ്ടിരുന്ന കരുത്തനായ മനുഷ്യാവകാശ പ്രവർത്തകനായിരുന്നു ഡോ. സോമൻ. ജനപക്ഷത്തു നിന്നുകൊണ്ട്, ആരോഗ്യത്തെ മനുഷ്യാവകാശമായി കാണുകയും, രോഗി-ഡോക്ടർ ബന്ധത്തിന്ന് ജനകീയമുഖം നൽകുകയും ചെയ്ത ഡോ. സോമൻ ആരോഗ്യരംഗത്തെ അഴിമതികളും അധാർമ്മിക പ്രവണതകളും മാധ്യമങ്ങളിലൂടെയും സംവാദങ്ങളിലൂടെയും പൊതുജനശ്രദ്ധയിൽ എത്തിക്കുന്നതിൽ വിജയിച്ചു. രോഗിയേക്കാൾ മരുന്നുല്പാദന കമ്പനികളോട് പ്രതിബദ്ധരായിരിക്കുന്ന ഡോക്ടർമാരും ഗവേഷണ സ്ഥാപനങ്ങളും ഡോ. സോമന്റെ വിമർശകരായതിൽ അത്ഭുതമില്ല. ആരോഗ്യ സംരക്ഷണത്തെ പൊതുജന പങ്കാളിത്തത്തോടെ ജനാധിപത്യവൽക്കരിക്കുന്നതിൽ ഡോ. സോമൻ നിർവ്വഹിച്ച പങ്ക് വളരെ വലുതാണ്. മനുഷ്യരെ ഉപയോഗിച്ചുള്ള മരുന്നു പരീക്ഷണങ്ങളിലെ അഴിമതിക്കെതിരെ ജനനീതി നടത്തിവരുന്ന പ്രതിപ്രവർത്തനങ്ങളുടെ മാർഗദർശിയും സഹായിയുമായിരുന്നു ഡോ. സോമൻ. അദ്ദേഹത്തിന്റെ ആകസ്മിക നിര്യാണത്തിൽ ജനനീതി അഗാധമായ ദു:ഖവും വേദനയും രേഖപ്പെടുത്തുന്നു. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ:** വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.